Prot. No. 692/2014

# സർക്കുലർ

സീറോ മലബാÀസഭയുടെ
മേജÀ ആÀ ¨˜ബിഷ ¸˜ ജോÀ Ö˜ ആലേ © രി മെത്രാ േ ¸ ാലീ ¯
തൈâ സഹശുശ്രൂഷകരായ മെത്രാ േ ¸ ാലീ ¯ മാÀ ¡ ും
മെത്രാ 3 മാÀ ¡ ും വൈദികÀ ¡ ും സമÀ ¸ ിതÀ ¡ ും
തൈâ അജപാലന ശുശ്രൂഷയ് ¡˜ ഏല്പി ¡ ൊ ¸ «ിരി ¡ ു ¶
എÃാ ദൈവജന ¯ ിനും എഴുതു ¶ ത്.

കÀ ¯ ാവിെâ കൃപ നി § ളേവരോടും കൂടെ ഉ ായിരി ¡ «!
മിശിഹായിÂ പ്രിയ സഹോദരീസഹോദര · ാരേ,

സീറോ മലബാർ സഭയുടെ 22-ാം സിനഡിന്റെ പ്രഥമ സെഷൻ ഇക്കഴിഞ്ഞ ജനുവരി 7 മുതൽ 11 വരെ തീയതികളിൽ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ചു നടന്ന വിവരം വളരെ സന്തോഷപൂർവ്വം നിങ്ങളെ ഞാൻ അറിയിക്കുന്നു. 46 പിതാക്കന്മാർ സിനഡിൽ സംബന്ധിച്ചു. പതിവുപോലെ ആദ്യദിവസം ഉച്ചവരെയുള്ള സമയം പിതാക്കന്മാർ പ്രാർത്ഥിച്ചും ധ്യാനിച്ചും വിശുദ്ധ കുർബാന അർപ്പിച്ചും ആത്മീയമായി ഒരുങ്ങിയാണ് സിനഡിന്റെ പ്രത്യേകമായ പ്രവർത്തനങ്ങളിലേക്ക് പ്രവേശിച്ചത്.

കഴിഞ്ഞ സിനഡിനുശേഷം മെത്രാൻപട്ടം സ്വീകരിച്ച മാർ ജോസഫ് കൊല്ലംപറമ്പിൽ CMI, മാർ ജോസ് പുത്തൻവീട്ടിൽ എന്നീ മെത്രാന്മാരും റിട്ടയർ ചെയ്ത മെത്രാന്മാരും ഉൾപ്പെടെ 51 പിതാക്കന്മാരാണ് ഇപ്പോൾ സീറോ മലബാർ സഭയിലുള്ളത്. ജഗദൽപൂർ രൂപതയുടെ മുൻമെത്രാൻ മാർ സൈമൺ സ്റ്റോക്ക് പാലത്ര CMIയും എറണാകുളം-അങ്കമാലി അതിരൂപതയുടെ മുൻ സഹായമെത്രാൻ മാർ തോമ്മസ് ചകൃത്തും പൗരോഹിത്യ സുവർണ്ണജൂബിലി വർഷത്തിലേയ്ക്ക് പ്രവേശിച്ചിരിക്കുകയാണ്. അവർ സഭയ്ക്ക് ചെയ്തിട്ടുള്ള വലിയ സേവനങ്ങൾ നമുക്കു നന്ദിപൂർവ്വം അനുസ്മരിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യാം. പ്രവാസികളായ സീറോമലബാർ വിശ്വാസികൾക്കുവേണ്ടി കേരളത്തിന് പുറത്ത് രൂപീകൃതമായ പ്രഥമ രൂപതയാണ് കല്യാൺ. അതിന്റെ രജതജൂബിലിയാഘോഷം ഇക്കഴിഞ്ഞ നവംബർ മാസത്തിൽ വളരെ ഭംഗിയായി നടക്കുകയുണ്ടായി. ഏതാനും രൂപതകളിൽ ഞാൻ സന്ദർശനം നടത്തി. ഫരീദാബാദ് രൂപതയിൽ രൂപതാ കേന്ദ്രത്തിനും മെത്രാസനഭവനത്തിനും ആവശ്യമായ സജ്ജീകരണങ്ങൾ ലഭ്യമാക്കാൻ രൂപതാദ്ധ്യക്ഷനായ ഭരണികുളങ്ങര പിതാവിന് കഴിഞ്ഞു എന്നത്





അഭിനന്ദനീയമായ കാര്യമാണ്.

പൗരസ്ത്യർക്കുവേണ്ടിയുള്ള വത്തിക്കാൻ കാര്യാലയത്തിന്റെ പൂർണ്ണസമ്മേളനത്തിൽ ഞാൻ സംബന്ധിച്ച. തദവസരത്തിൽ പ്രവാസികളായ നമ്മുടെ സഭാമക്കളുടെ, പ്രത്യേകിച്ച് ഗൾഫ് രാജ്യങ്ങളിലായിരിക്കുന്നവരുടെ, അജപാലനശുശ്രൂഷ ഫലപ്രദമായി നിർവ്വഹിക്കുന്നതിന് കാനോനിക സംവിധാനങ്ങൾ ഉണ്ടാകേണ്ടതിന്റെ അടിയന്തിരാവശ്യം പരിശുദ്ധ പിതാവിന്റെ ശ്രദ്ധയിൽപെടുത്തുകയുണ്ടായി. പരിശുദ്ധ പിതാവ് ഇക്കാര്യം ഗൗരവപൂർവ്വം കണക്കിലെടുക്കുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.

പശ്ചിമഘട്ട പരിഃസ്ഥിതി സംരക്ഷണം സംബന്ധിച്ച ഗാഡ്ഗിൽ-കസ്തൂരിരംഗൻ റിപ്പോർട്ടിലെ കാർഷികവിരുദ്ധ വ്യവസ്ഥകൾ ഉളവാക്കുന്ന വിനകളെക്കുറിച്ചും അവയ്ക്ക് പരിഹാരം ഉണ്ടാകേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും രാഷ്ട്രീയധികാരികളെക്കണ്ട് ചർച്ചചെയ്തു. നമ്മുടെ പിതാക്കന്മാർ വ്യക്തിപരമായും കൂട്ടായും നടത്തിയ പ്രതിഷേധനടപടികളും കർഷക ജനതയ്ക്ക് നൽകുന്ന ശക്തമായ പിന്തുണയും അവസരോചിതവും പ്രോത്സാഹജനകവുമാണ്.

തക്കല രൂപതയിലെ മൂന്ന് വൈദികർ അടുത്ത കാലത്ത് ആകസ്മികമായി മരണമടഞ്ഞതും, സാഗർ രൂപതയിലെ ഒരു യുവവൈദികൻ റോഡപകടത്തിൽ മരിച്ചതും ഈ രൂപതകളെയും നമ്മെ എല്ലാവരെയും ഏറെ ദുഃഖിപ്പിക്കുന്ന സംഭവങ്ങളാണ്. ഈ രൂപതകളെയും വൈദികരെയും നമുക്ക് പ്രാർത്ഥനയിൽ സ്മരിക്കാം. കോഴിക്കോട്ടെ ചിറയ്ക്കൽ മിഷനിൽ ദീർഘകാലം സേവനമനുഷ്ടിച്ച് ധാരാളം ജീവകാരുണ്യപ്രവർത്തനങ്ങൾ ചെയ്ത വലിയൊരു മിഷനറിയും വയോവൃദ്ധനുമായ ഇറ്റലിക്കാരൻ സുക്കോളച്ചൻ ഈയിടെ മരണമടഞ്ഞ വാർത്ത നിങ്ങളറിഞ്ഞു കാണുമല്ലോ. അദ്ദേഹത്തിനുവേണ്ടിയും നമുക്ക് പ്രാർത്ഥിക്കാം.

**ധ്യാനകേന്ദ്രങ്ങൾ**

അജപാലനപരവും ആനുകാലികവുമായ വിവിധ വിഷയങ്ങൾ സിനഡ് പരിഗണിക്കുകയുണ്ടായി. അവയെ സംബന്ധിച്ച് ഏകദേശരൂപം എല്ലാവരെയും അറിയിക്കാൻ ആഗ്രഹിക്കുന്നു. സീറോ മലബാർ സഭയിലെ ധ്യാനകേന്ദ്രങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന സേവനങ്ങൾ സിനഡ് വിലയിരുത്തി. അവ വഴി ഉണ്ടാകുന്ന ജീവിതനവീകരണം തുടങ്ങിയവ നല്ല കാര്യങ്ങളാണ്. എന്നാൽ സഭയുടെ പ്രബോധനങ്ങൾക്കനുസരിച്ച് കാര്യങ്ങളെല്ലാം ക്രമീകരിക്കപ്പെടണം. അന്ധവിശ്വാസങ്ങൾ പ്രോത്സാഹിപ്പിക്കാനിടയാകരുത്. ശബ്ദമലിനീകരണം, രോഗശാന്തി ശുശ്രൂഷയ്ക്ക് നൽകുന്ന അമിത പ്രാധാന്യം തുടങ്ങിയവ നിയന്ത്രിക്കേണ്ടതാണ്. ഇടവക കേന്ദ്രീകൃതമായ വിശ്വാസജീവിതത്തിനും അജപാലനശുശ്രൂഷയ്ക്കും കോട്ടം വരാനിടയാകരുത്; മറിച്ച്, ആളുകൾക്ക്, അതിന്റെ പ്രാധാന്യം

വ്യക്തമാക്കിക്കൊടുക്കാൻ ധ്യാനകേന്ദ്രങ്ങൾ ശ്രദ്ധിക്കണം. ധ്യാനകേന്ദ്രങ്ങൾ അവയുടെ സഭാത്മകവും ആരാധനക്രമപരവുമായ തനിമ സംരക്ഷിക്കേണ്ടതുണ്ട്. സന്യാസസമൂഹങ്ങൾ നടത്തുന്ന ധ്യാനകേന്ദ്രങ്ങളെയും സഭയോടുള്ള ബന്ധങ്ങളിൽ വളർത്തണം. ധ്യാനകേന്ദ്രങ്ങളിലെ വൈദികർ തങ്ങളുടെ സ്വന്തം റീത്തിലാണ് വിശുദ്ധ കുർബാന അർപ്പിക്കേണ്ടത്. മറ്റൊരു റീത്തിൽ അർപ്പിക്കുന്നതിന് നിയമാനുസൃത അനുവാദം ആവശ്യമാണ്. പ്രവാസികേന്ദ്രങ്ങളിൽ ധ്യാനിപ്പിക്കാൻ പോകുന്നതിനും അവിടുത്തെ ബന്ധപ്പെട്ട അധികാരികളിൽനിന്ന് അനുവാദം വാങ്ങിച്ചിരിക്കണം. ഇക്കാര്യങ്ങൾ സംബന്ധിച്ചുള്ള വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ സിനഡ് നൽകുന്നതാണ്.

സിനഡിന്റെ ദൈവശാസ്ത്ര കമ്മീഷന്റെ ആഭിമുഖ്യത്തിൽ ഒരു ദൈവശാസ്ത്രസമിതിക്ക് രൂപം കൊടുത്തിരിക്കുന്ന കാര്യവും അറിയിക്കുന്നു. വിശ്വാസപരവും, ധാർമ്മികവുമായ കാര്യങ്ങളിൽ ആധികാരികമായ പ്രബോധനങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ആവശ്യാനുസരണം നൽകുന്നതിന് ഈ സമിതി ശ്രദ്ധിക്കുന്നതാണ്.

**പ്രത്യേക നിയമങ്ങൾ**

സീറോ മലബാർ സഭയുടെ പ്രത്യേക നിയമങ്ങൾ ഔദ്യോഗികമായി അംഗീകരിച്ച് പ്രസിദ്ധീകരിച്ചിരിക്കുന്ന വിവരവും സന്തോഷപൂർവ്വം അറിയിക്കുന്നു. നമ്മുടെ സഭയിൽ സിനഡ് പ്രവർത്തനം ആരംഭിച്ചതുമുതൽ കാലാകാലങ്ങളിൽ സിനഡ് ചർച്ചചെയ്ത് പാസാക്കിയിട്ടുള്ള നിയമങ്ങളെല്ലാം സമാഹരിച്ച് പ്രസിദ്ധീകരിച്ചിരിക്കയാണിപ്പോൾ. ഇതിന്റെ പിന്നിൽ അനേകരുടെ കഠിനമായ പ്രയത്നങ്ങളുണ്ട്. അവരെയെല്ലാം ഈയവസരത്തിൽ നന്ദിപൂർവ്വം അനുസ്മരിക്കുന്നു.

**മാർ അപ്രേം തിയോളജിക്കൽ സെമിനാരി, സത്ന**

ഉത്തരേന്ത്യയിലെ സത്നാ മിഷൻ രൂപതയിൽ സ്ഥാപിതമായിരിക്കുന്ന മാർ അപ്രേം തിയോളജിക്കൽ സെമിനാരിയെ സിനഡിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന മിഷൻ സെമിനാരിയായി ഇപ്പോൾ അംഗീകരിച്ചിരിക്കുകയാണ്. അതിന്റെ ഔദ്യോഗികമായ പ്രഖ്യപനം 2014 മാർച്ച് 29 ാം തീയതി നടത്തുകയുണ്ടായി. ഈ സെമിനാരിയുടെ ആരംഭത്തിനും വളർച്ചയ്ക്കും നേതൃത്വം കൊടുത്ത അഭിവന്ദ്യ അബ്രഹാം മറ്റം പിതാവിനെയും സത്നാ രൂപതയുടെ ഇപ്പോഴത്തെ മെത്രാൻ അഭിവന്ദ്യ മാത്യു വാണിയക്കിഴക്കേൽ പിതാവിനെയും ഈയവസരത്തിൽ ഹാർദ്ദവമായി അനുമോദിക്കുകയും അവരോടുള്ള നന്ദി രേഖപ്പെടുത്തുകയയും ചെയ്യുന്നു.

**വൈദികാർത്ഥികളുടെ പരിശീലനവും വൈദികരുടെ തുടർ പരിശീലനവും**

വൈദികാർത്ഥികളുടെ പരിശീലനത്തിന്റെ, പ്രത്യേകിച്ച്





ആദ്ധ്യാത്മിക പരിശീലനത്തിന്റെ വിവിധവശങ്ങൾ സിനഡ് വിശദമായ ചർച്ചയ്ക്ക് വിധേയമാക്കി. ഈ വിഷയത്തിന്റെ പ്രാധാന്യവും സ്വഭാവവും കണക്കിലെടുത്ത് കൂടുതൽ വ്യാപകമായും വിവിധ സഭാസമിതികളിലും ചർച്ചചെയ്ത് ലഭിക്കുന്ന നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ ഉചിതമായ നടപടികൾ സിനഡ് സ്വീകരിക്കുന്നതാണ്. പരിശീലനത്തിനാവശ്യമായ സാമ്പത്തികം സമാഹരിക്കുന്നതിന് സഭാസമൂഹത്തിന്റെ മുഴുവൻ സഹകരണം ആവശ്യമായിരിക്കുന്നു. നമ്മുടെ സഭയുടെ പാരമ്പര്യവും അതുതന്നെയാണല്ലോ. വൈദികരുടെ തുടർ പരിശീലനത്തിന്റെ ആവശ്യകതയും പ്രാധാന്യവും മനസ്സിലാക്കി അത് കൂടുതൽ പ്രായോഗികവും കാര്യക്ഷമവുമാകേണ്ടതുണ്ട്. സഭാകാര്യാലയമായ മൗണ്ട് സെന്റ് തോമസിൽ നടക്കുന്ന നവവൈദികരുടെയും ജൂബിലേറിയന്മാരായ വൈദികരുടെയും സമ്മേളനം സഭയിൽ വൈദികകൂട്ടായ്മ വളർത്താൻ സഹായകമാണെന്ന് ഞാൻ കരുതുന്നു. 2015 ൽ നടക്കാൻ പോകുന്ന സീറോ മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയെ സംബന്ധിച്ചും സിനഡ് ചർച്ച നടത്തി. അസംബ്ലിയുടെ വിഷയം, തയ്യാറെടുപ്പ്, നടത്തിപ്പ്, പങ്കാളിത്തം തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് കൂടുതൽ വ്യക്തത ഉണ്ടാകേണ്ടതുണ്ട്. സീറോ മലബാർ സഭ മേജർ ആർക്കി എപ്പിസ്കോപ്പൽ പദവിയിലേക്കുയർത്തപ്പെട്ടിട്ട് 25 വർഷം പൂർത്തിയാകാൻ പോകുന്ന സാഹചര്യത്തിൽ അതിന്റെ ആചരണത്തിന് സമുചിതമായി ഒരുങ്ങുന്നതിനുള്ള അവസരമായിരിക്കും അസംബ്ലി. ഒരു സ്വയാധികാരസഭയായി വളർന്നുകൊണ്ടിരിക്കുന്ന നമ്മുടെ സഭയുടെ തനിമയെയും ദൗത്യത്തെയും സംബന്ധിച്ചുള്ള ആഴമായ പരിചിന്തനത്തിനും സഭ നേരിടുന്ന ആനുകാലിക പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനും അസംബ്ലി സഹായകമാകട്ടെ.

**യുവജനപ്രേക്ഷിതത്വം**

സീറോ മലബാർ സഭയിലെ യുവജനപ്രേക്ഷിതത്വം കൂടുതൽ കാര്യക്ഷമതയോടെ നിർവ്വഹിക്കുന്നതിനെക്കുറിച്ചുള്ള ചർച്ചയും സിനഡിൽ നടന്നു. നിലവിലുള്ള വിവിധ യുവജനസംഘടനാ പ്രവർത്തനങ്ങളെ വിവിധ തലങ്ങളിൽ ഏകോപിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന ഒരു സംവിധാനം രൂപപ്പെടുത്തേണ്ടതുണ്ട് ജീസസ് യൂത്തിന്റെ പ്രവർത്തനങ്ങളും സിനഡ് ചർച്ചചെയ്യുകയുണ്ടായി. സഭയോട് ചേർന്ന് പ്രവർത്തിക്കുന്ന നേതൃത്വത്തിന്റെ കീഴിൽ കൂടുതൽ കാര്യങ്ങൾ ചെയ്യാൻ ഈ പ്രസ്ഥാനത്തിലൂടെ സാധിക്കും. ഇവ സംബന്ധിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ പിന്നീട് നൽകുന്നതാണ്. 2014 ആഗസ്റ്റ് 10 മുതൽ 17 വരെ തീയതികളിൽ ദക്ഷിണ കൊറിയയിൽ വച്ച് ഏഷ്യൻ യുവജനസംഗമം നടക്കുന്ന കാര്യവും ശ്രദ്ധയിൽപ്പെടുത്തുന്നു.

**കുടുംബകൂട്ടായ്മ**

അജപാലന ശുശ്രൂഷയിൽ കുടുംബകൂട്ടായ്മകളുടെ പ്രാധാന്യവും പ്രയോജനവും കണക്കിലെടുത്ത് അവയുടെ പ്രവർത്തനങ്ങൾക്ക് കൂടുതൽ ഉത്തേജനം നൽകുന്നതിനു സഹായകമായ ചില മാർഗ്ഗനിർദ്ദേശങ്ങൾ ബന്ധപ്പെട്ട കമ്മീഷന്റെ നേതൃത്വത്തിൽ തയ്യാറാക്കി പിന്നീട് പ്രസിദ്ധപ്പെടുത്തുന്നതാണ്.

**കുടുംബത്തിനും അല്മായർക്കും വേണ്ടിയുള്ള കമ്മീഷൻ**

കുടുംബ പ്രേക്ഷിതത്വത്തിനുവേണ്ടിയുള്ള ഫാമിലി കമ്മീഷനും അല്മായ കമ്മീഷനും ഇനിമുതൽ ഏക കമ്മീഷന്റെ കീഴിലായിരിക്കും പ്രവർത്തിക്കുന്നത്. കുടുംബത്തിനും അല്മായർക്കുംവേണ്ടിയുള്ള കമ്മീഷൻ (Commision For Family And Laity) എന്നായിരിക്കും അതറിയപ്പെടുന്നത്.

**ഫരീദാബാദ് രൂപതയും മിഷൻ പ്രവർത്തനങ്ങളും**

അതിവിസ്തൃതമായ ഫരീദാബാദ് രൂപതയിൽ വിപുലമായ മിഷൻ പ്രവർത്തനങ്ങൾക്ക് സാദ്ധ്യതയുണ്ട്. ഇക്കാര്യത്തിൽ രൂപത നേരിടുന്ന മുഖ്യപ്രശ്നം മിഷനറിമാരുടെ അഭാവമാണ്. സന്യസ്തരും അല്ലാത്തവരുമായ വൈദികരും മറ്റ് സമർപ്പിതരും താത്പര്യപൂർവ്വം മുന്നോട്ട് വരേണ്ടിയിരിക്കുന്നു.

പ്രവാസികളായ സീറോ മലബാർ സഭാമക്കൾ പ്രവേശക കൂദാശകൾ, വിവാഹം മുതലായ കൂദാശകൾ മാതൃരൂപതകളിൽനിന്ന് സ്വീകരിക്കുന്നതിന് സമീപിക്കുമ്പോൾ ബന്ധപ്പെട്ട അധികാരികൾ താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കണമെന്നഭ്യർത്ഥിക്കുന്നു. സീറോ മലബാർ രൂപതകളോ പാസ്റ്ററൽ കോഓർഡിനേറ്ററന്മാരോ ഉള്ള സ്ഥലങ്ങളിൽ നിന്നുള്ളവരാണെങ്കിൽ അവിടെയുള്ള സീറോ മലബാർ ഇടവകവികാരിമാരിൽ നിന്നോ ചാപ്ലയിന്മാരിൽനിന്നോ ഉള്ള സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ടതാണ്.

**മെൽബൺ രൂപതയും ഇന്ത്യയിലെ അപ്പസ്റ്റോലിക്ക് വിസിറ്ററും**

ഇന്ത്യയിലും വിവിധ രാജ്യങ്ങളിലുമായി ചിതറിക്കഴിയുന്ന പ്രവാസികളായ സീറോ മലബാർ സഭാമക്കൾക്ക് ഉചിതമായ അജപാലന ശുശ്രൂഷ ലഭ്യമാക്കുക എന്നത് സിനഡ് വളരെ ഗൗരവത്തോടെ പരിഗണിച്ചുകൊണ്ടിരിക്കുന്ന വിഷയമാണ്. പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് സാധ്യമായവയൊക്കെ ചെയ്യുവാൻ സിനഡ് ശ്രമിക്കുന്നുണ്ട്. ഈ പരിശ്രമങ്ങളുടെ വലിയൊരു നേട്ടമാണ് ആസ്ട്രേലിയായിൽ നമുക്കൊരു സീറോ മലബാർ രൂപത അനുവദിച്ചുകിട്ടി എന്നത്. സെന്റ് തോമസ് മെൽബൺ എന്ന പുതിയ രൂപതയുടെ പ്രഥമ മെത്രാനായി അഭിവന്ദ്യ ബോസ്കോ പുത്തൂർ പിതാവ് നിയമിക്കപ്പെടുകയും ചെയ്തിരിക്കുന്നു. അദ്ദേഹം ന്യൂസിലണ്ടിലെ അപ്പസ്റ്റോലിക്ക് വിസിറ്ററുമായിരിക്കും.





അരലക്ഷത്തോളം സീറോ മലബാർ വിശ്വാസികളുള്ള പുതിയ രൂപതയ്ക്കും രൂപതാദ്ധ്യക്ഷനുംവേണ്ടി നമുക്ക് പ്രാർത്ഥിക്കാം. ഇത് അനുവദിച്ചുതന്ന പരിശുദ്ധ സിംഹാസനത്തോടും ആസ്ട്രേലിയൻ മെത്രാൻ സമിതിയോടും നമുക്ക് നന്ദിയുള്ളവരാകാം. ഇന്ത്യയ്ക്കുവേണ്ടി ഒരു അപ്പസ്തോലിക്ക് വിസിറ്ററെയും പരിശുദ്ധ സിംഹാസനം നിയമിച്ചിരിക്കുന്നു. ഇന്ത്യയിൽ പ്രവാസികളായി കഴിയുന്ന സീറോമലബാർ സഭാമക്കൾക്ക് ആവശ്യമായ അജപാലന ശുശ്രൂഷ ലഭ്യമാക്കുന്നതിനുള്ള പരിശ്രമങ്ങൾ ത്വരിതപ്പെടുത്താൻ ഇത് സഹായിക്കുമെന്നതിൽ സംശയമില്ല. അപ്പസ്റ്റോലിക്ക് വിസിറ്റർ അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിന്റെ പ്രവർത്തനങ്ങൾ വിജയകരമാകാൻ നമുക്ക് പ്രാർത്ഥിക്കാം. ഇന്ത്യയിൽ ഇപ്പോൾ നിലവിലുള്ള സീറോ മലബാർ രൂപതകളുടെ പരിധിക്ക് പുറത്ത് വസിക്കുന്ന സീറോ മലബാർ വിശ്വാസികളുടെ അജപാലനകാര്യങ്ങളുടെ ചുമതലയാണ് അപ്പസ്തോലിക്ക് വിസിറ്ററിൽ നിക്ഷിപ്തമായിരിക്കുന്നത്.

**സമർപ്പിതരുടെ സഭാസേവനം**

സന്ന്യാസ സമർപ്പിത സമൂഹങ്ങളുടെ സഭാസേവനം വളരെ വിലപ്പെട്ടതാണ്. സഭയുടെ അജപാലന രംഗത്തും പ്രേഷിതമേഖലകളിലും അവർ പ്രവർത്തിക്കുന്നു. അവരുടെ നല്ല സേവനങ്ങളെ സഭ നന്ദിയോടെ സ്മരിക്കുന്നു. സീറോമലബാർ സഭയുടെ അധികാരപരിധിക്കു പുറത്ത് അവർ പ്രവർത്തക്കുമ്പോഴും മാതൃസഭയുടെ തനിമയും വ്യക്തിത്വവും കാത്തുസൂക്ഷിക്കാനും പൈതൃകത്തോട് വിശ്വസ്തത പുലർത്താനും അവർ ശ്രദ്ധിക്കണം. ലത്തീൻ സഭയിൽ സമർപ്പിതർ പ്രേഷിതപ്രവർത്തനം നടത്തുന്നത് റോമൻകൂരിയായുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചാണ്. അതുപോലെ സീറോമലബാർ സഭയിലെ സമർപ്പിതരും സഭാധികാരികളുടെ (ഹയരാർക്കി) മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചായിരിക്കണം സുവിശേഷവല്ക്കരണപ്രവർത്തനങ്ങളും അജപാലനശുശ്രൂഷയും നിർവ്വഹിക്കേണ്ടത്.

**അനുരഞ്ജനകൂദാശയും ആഘോഷമായ വിശുദ്ധ കുർബാന സ്വീകരണവും**

പ്രവേശകകൂദാശകൾ ഒരുമിച്ചു സ്വീകരിക്കുന്ന സാഹചര്യത്തിൽ ശിശുപ്രായത്തിൽത്തന്നെ മാമ്മോദീസായോടൊപ്പം വിശുദ്ധ കുർബാന സ്വീകരണവും നടത്തുന്ന കുഞ്ഞുങ്ങൾക്ക് തിരിച്ചറിവാകുമ്പോൾ അനുരഞ്ജനകൂദാശയോടൊപ്പം ശരിയായി ഒരുക്കി ആഘോഷമായ പൊതുകുർബാനസ്വീകരണവും നടത്തേണ്ടതാണ്. കുഞ്ഞുങ്ങളുടെ വിശ്വാസപരിശീലനത്തിന് ഇത് സഹായകമായിരിക്കും. അനുരഞ്ജനകൂദാശയ്ക്കും ആഘോഷമായ ദിവ്യകാരുണ്യസ്വീകണത്തിനും കുഞ്ഞുങ്ങളെ ഒരുക്കുന്നതിനു സഹായകമായ ഒരു പുസ്തകം മതബോധനകമ്മീഷന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കുന്നതാണ്. കുർബാനസ്വീകരണം ആഘോഷമായി നടത്തുമ്പോൾ ആർഭാടം പൂർണ്ണമായും ഒഴുവാക്കി ആത്മീയതയ്ക്കായിരിക്കണം പ്രാധാന്യം നൽകേണ്ടത്.

**ആരാധനക്രമസംബന്ധമായ ചില കാര്യങ്ങൾ**

ആരാധനക്രമത്തെ സംബന്ധിച്ച് ചില കാര്യങ്ങൾകൂടി ശ്രദ്ധയിൽപ്പെടുത്തുകയാണ്. തിരുക്കർമ്മങ്ങളിലെ കാർമ്മികനെ 'പ്രധാന' കാർമ്മികൻ എന്ന് വിശേഷിപ്പിക്കേണ്ടതില്ല. കാർമ്മികൻ എന്ന് വിളിച്ചാൽ മതി. കാരണം, ഒരു കാർമ്മികനേ ഉള്ളൂ. മറ്റുള്ളവർ സഹകാർമ്മികരാണ്. പട്ടം കൊടുക്കൽ ശുശ്രൂഷയിൽ കാർമ്മികനായ മെത്രാനോടൊപ്പം സഹായികളായ രണ്ടു വൈദീകരിൽ ഒരാൾ അർക്കദിയാക്കോനും (ആർച്ചുഡീക്കൻ) മറ്റേയാൾ സഹായവൈദികനുമാണ്. കൂടാതെ, സമാപനത്തിലെ മദ്ധ്യസ്ഥപ്രാർത്ഥനകൾ നവവൈദികർ ചൊല്ലേണ്ടതല്ല എന്നും അറിയിക്കുന്നു.

വിശുദ്ധ കുർബാനയിലെ വേദപുസ്തകവായനകൾ ഉൾക്കൊള്ളുന്ന പ്രഘോഷണഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചിരിക്കുന്ന കാര്യം എല്ലാവരും അറിഞ്ഞുകാണുമല്ലോ. അടുത്ത വിശുദ്ധ വാരത്തോടെയെങ്കിലും ഇവ എല്ലായിടത്തും ഉപയോഗിച്ചു തുടങ്ങണമെന്നഭ്യർത്ഥിക്കുന്നു. ദൈവാലയകൂദാശയുടെയും ദപ്പാ കൂദാശ ചെയ്യുന്നതിന്റെയും ദൈവാലയത്തിന്റെ പുനർസമർപ്പണത്തിന്റെയും ക്രമങ്ങൾക്ക് റോമിൽനിന്നുള്ള അംഗീകാരം ലഭിച്ചിട്ടുണ്ടെന്നുള്ള കാര്യം സന്തോഷപൂർവ്വം അറിയിക്കുന്നു. താമസിയാതെ അവ പ്രസിദ്ധീകരിക്കുന്നതാണ്.

സീറോ മലബാർ സഭയ്ക്ക് ഒരു ആന്തം ഉണ്ടാകണം എന്ന ലക്ഷ്യത്തോടെ ഒരു 'ആന്തം രചനാ മത്സരം' നടത്തുന്ന വിവരം നേരത്തെ അറിയിച്ചിട്ടുള്ളതാണ്. മലയാളത്തിലോ ഇതര ഭാഷകളിലോ അത് രചിക്കാവുന്നതാണ്. ഇക്കാര്യത്തിൽ വാസനയുള്ളവരുടെ സഹകരണം അഭ്യർത്ഥിക്കുന്നു.

വളരെ ഫലപ്രദവും സജീവവുമായ ചിന്തകളും ചർച്ചകളും സിനഡിൽ നടക്കുകയുണ്ടായി. പല കാര്യങ്ങളിലും നല്ല തീരുമാനങ്ങൾ എടുക്കുകയും ചെയ്തു. 11-ാം തീയതി വൈകുന്നേരം ആറു മണിയോടെ സിനഡ് സമാപിച്ചു. സിനഡിന്റെ എല്ലാ പ്രവർത്തനങ്ങളും നമ്മുടെ സഭയുടെ വളർച്ചയ്ക്കും നന്മയ്ക്കും ഉപകരിക്കുന്നതിന് നിങ്ങളെല്ലാവരുടെയും പ്രാർത്ഥനയും സഹകരണവും സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

Cutimbn kt\ l ]qÀÆw



**tPmÀ Ö B et © cn**

kotdm ae _mÀ k `bpsS taPÀ BÀ¨ _nj ¸

lm ¡ \m« au sk â tXmaÊnepÅ taPÀ BÀ¨_nj¸nsâ lmcyme b¯nÂ \n¶ 2014þmw B ഏപ്രിൽ amkw 12 þmw XnbXn \Â ls¸«X.





## 51-ാം ലോകദൈവവിളി പ്രാർത്ഥനാദിനം

## 11 മെയ് 2014, ഈസ്റ്റർ കഴിഞ്ഞ് നാലാം ഞായർ

## കെസിബിസി വൊക്കേഷൻ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

കർത്താവിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

1. ദൈവവിളിക്കു വേണ്ടിയുള്ള അൻപത്തിഒന്നാം ലോകപ്രാർത്ഥനാദിനമായി മെയ്മാസം 11-ാം തീയതി സാർവത്രികസഭ ആചരിക്കുകയാണല്ലോ. സത്യത്തിന് സാക്ഷികളാകുവാനുള്ള ഓരോരുത്തരുടെയും വിളിയെക്കുറിച്ച് ധ്യാനിക്കാനും ദൈവവിളിക്കും ദൈവവിളി സ്വീകരിച്ചവർക്കും സ്വീകരിക്കാനുള്ളവർക്കും വേണ്ടി പ്രത്യേകം പ്രാർത്ഥിക്കാനും പരിശുദ്ധ പിതാവ് ഈ ലോകദൈവവിളി ദിനത്തിൽ നമ്മെ ആഹ്വാനം ചെയ്യുന്നു. ഈ ആഹ്വാനം സ്വീകരിച്ചുകൊണ്ട് കേരളകത്തോലിക്കാസഭയുടെ സാഹചര്യത്തിൽ ചില ചിന്തകൾ നല്കട്ടെ. ഓരോ ദൈവവിളിയും ത്രിതൈ്വക ദൈവത്തിന്റെ പൂർണതയിലേക്കുള്ള വിളിയാണ്. പിതാവായ ദൈവത്തിന്റെ സ്നേഹമാണ് പരിശുദ്ധാത്മാവിലൂടെ പുത്രനായ ക്രിസ്തുവിൽ അവതരിച്ചത് (*Gaudium et Spes* 22). ക്രിസ്തുവാണ് മനുഷ്യനുവേണ്ടിയുള്ള ദൈവികപദ്ധതി.

2. 1981-ൽ ദൈവവിളിക്കുവേണ്ടിയുള്ള അജപാലനം ഏകോപിപ്പിക്കുന്ന റോമൻസമിതി പുറപ്പെടുവിച്ച നിർദേശത്തിൽ (No. 5) ദൈവവിളി പരിപാലനയുടെ സഭാത്മകതയെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്: "ദൈവവിളികൾക്കുവേണ്ടിയുള്ള അജപാലന ശുശ്രൂഷ സഭയുടെ ആത്മാവിൽ നിന്നും സഭയ്ക്കുവേണ്ടി ഉടലെടുക്കുന്ന ഒന്നാണ്." അതുകൊണ്ടുതന്നെ രണ്ടാം വത്തിക്കാൻ കൗൺസിൽ സൂചിപ്പിച്ചു: "വിളിക്കുന്ന ദൈവവും വിളിക്കപ്പെടുന്ന മനുഷ്യനും തമ്മിലുള്ള ബന്ധം സഭയിലൂടെയാണ് പൂർത്തീകരിക്കപ്പെടേണ്ടത്" (*Optatam Totius* 2). അതായത്, സഭയിലൂടെയാണ് എല്ലാതലങ്ങളിലും തരത്തിലുമുള്ള സമർപ്പിത ദൈവവിളികൾ തിരിച്ചറിയപ്പെടേണ്ടതും പരിപോഷിപ്പിക്കപ്പെടേണ്ടതും ദൈവത്തിന്റെ കരുണയുടെ ഉപകരണങ്ങളായി വളർത്തപ്പെടേണ്ടതും.

3. സത്യത്തിനു സാക്ഷികളാകാനുള്ള ആഹ്വാനം അനുസരിക്കുന്നതിന് സത്യം നാം അറിയേണ്ടതുണ്ട്. "എന്താണ് സത്യം?" (യോഹ 18:38) എന്ന പീലാത്തോസിന്റെ ചോദ്യത്തിനു മുന്നിൽ നിശ്ശബ്ദത

പാലിക്കുന്ന ഈശോ "വഴിയുംസത്യവുംജീവനും ഞാനാകുന്നു" (യോഹ 14:6) എന്ന് നേരത്തേ തന്നെ പഠിപ്പിച്ചിട്ടുണ്ടായിരുന്നല്ലോ. ക്രിസ്തുവാകുന്ന സത്യത്തിനു സാക്ഷ്യം വഹിക്കേണ്ടവരാണ് വിളിക്കപ്പെട്ടവർ. രണ്ടാം വത്തിക്കാൻ കൗൺസിൽ വളരെ സ്പഷ്ടമായി ഇത് നമുക്ക് പറഞ്ഞു തരുന്നുണ്ട്: "ആഗോളവും പ്രാദേശികവുമായ സഭ, വിളിക്കപ്പെട്ടവരുടെയും അയയ്ക്കപ്പെട്ടവരുടെയും സമൂഹമാകയാൽ രക്ഷയുടെ ഉപകരണമായിട്ടാണ് ലോകത്തിലേക്ക് അയയ്ക്കപ്പെട്ടിരിക്കുന്നത്" (*Lumen Gentium* 5).

4. ഇക്കൊല്ലത്തെ ലോകദൈവവിളി പ്രാർത്ഥനാദിന സന്ദേശത്തിൽ സങ്കീർത്തനങ്ങൾ ഉദ്ധരിച്ചുകൊണ്ട് പരിശുദ്ധ പിതാവ് ഓർമ്മിപ്പിക്കുന്നു: "അവിടന്നാണ് നമ്മെ സൃഷ്ടിച്ചത്. നമ്മൾ അവിടത്തേതാണ്. നാം അവിടത്തെ ജനവും അവിടന്ന് മേയ്ക്കുന്ന അജഗണവുമാണ്" (സങ്കീ 100). "കർത്താവ് യാക്കോബിനെ തനിക്കായി, തന്റെ അവകാശമായി തിരഞ്ഞെടുത്തു" (സങ്കീ 135). ഈ തിരഞ്ഞെടുപ്പിന്റെയും സ്വന്തമാക്കലിന്റെയും ചൈതന്യമാണ് ദൈവവിളിയിൽ പ്രകടമാകുന്നത്. "ആസന്നമായ മൂന്നാം സഹസ്രാബ്ദം" എന്ന അപ്പസ്തോലിക ലേഖനത്തിലൂടെ ജോൺ പോൾ രണ്ടാമൻ മാർപാപ്പാ നമ്മുടെ സമൂഹിക ചുറ്റുപാടിനനുസൃതം പ്രായോഗികമായ കർമ്മപരിപാടികൾ ദൈവവിളി അജപാലനത്തിൽ കരുപ്പിടിപ്പിക്കുവാൻ ആവശ്യപ്പെടുന്നു.

5. "വിളിക്കപ്പെട്ടവരുടെ യഥാർത്ഥ സന്തോഷം അടങ്ങിയിരിക്കുന്നത്, കർത്താവ് വിശ്വസ്തനാണെന്നും നമുക്ക് അവിടത്തോടുകൂടെ സഞ്ചരിക്കാമെന്നും അവിടത്തെ ശിഷ്യന്മാരും ദൈവസ്നേഹത്തിന്റെ സാക്ഷികളും ആയിരിക്കാമെന്നും വലിയ ആദർശങ്ങളിലേക്കും മഹത്തായ കാര്യങ്ങളിലേക്കും നമ്മുടെ ഹൃദയം തുറക്കാനാവുമെന്നും വിശ്വസിക്കുകയും അനുഭവിക്കുകയും ചെയ്യുന്നതിലാണ്. ക്രൈസ്തവരായ നമ്മൾ ചെറിയ കാര്യങ്ങൾക്കായി തിരഞ്ഞെടുക്കപ്പെട്ടവരല്ല. ഉന്നതാദർശങ്ങൾക്കുവേണ്ടി ജീവി ക്കേണ്ടവരാണ്" (ഫ്രാൻസിസ് മാർപാപ്പായുടെ 51-ാമത് ലോക ദൈവവിളി പ്രാർത്ഥനാദിനസന്ദേശം). ഇതിനുള്ള പരിശീലനമാണ് ദൈവവിളി സ്വീകരിക്കുന്നവർക്ക് നല്കേണ്ടത്. "ആ പരിശീലനം ഓരോ വ്യക്തിയുടെയും ആവശ്യത്തിന് ചേർന്നതാകണം. വ്യക്തികളും ഗ്രൂപ്പുകളും ഓരോ വ്യക്തിക്കും നല്കുന്ന പരമ്പരാഗതരൂപങ്ങളെയും ആധുനിക കാലത്ത് സഭ അംഗീകരിച്ചിട്ടുള്ള സംഘടനകളും പ്രസ്ഥാനങ്ങളും നല്കുന്ന വിഭവങ്ങളെയും ഒന്നിപ്പിക്കുന്നതുമായിരിക്കണം" (ഫ്രാൻസിസ് മാർപാപ്പാ, 2013-ലെ സ്ഥൈര്യലേപനശുശ്രൂഷയിലെ സന്ദേശം, ജോൺ





പോൾ രണ്ടാമൻ, ആസന്നമായ മൂന്നാം സഹസ്രാബ്ദം-31). സമർപ്പിത ജീവിതം സഭയുടെ ആത്മാവിൽ അന്തർലീനമാണെന്നും അത് സഭയുടെ സത്തയുടെ പ്രത്യക്ഷ അടയാളമാണെന്നും (*Vita Consecrata* 3) നാം ഓർക്കുമ്പോൾ ഈ ദൈവവിളിമേഖല സ്വീകരിക്കേണ്ട പ്രത്യേക ശ്രദ്ധയും പരിഗണനയും നമുക്ക് ബോധ്യമാകും. 'സന്ന്യസ്തരില്ലാത്ത സഭയെക്കുറിച്ചു നമുക്കു ചിന്തിക്കാനാവില്ല' എന്ന ഫ്രാൻസിസ് മാർപാപ്പായുടെ വാക്കുകളും പ്രത്യേകം ശ്രദ്ധേയമാണ്.

6. യഥാർത്ഥമായ ദൈവവിളി ജീവിതത്തെ പ്രസരിപ്പുള്ളതാക്കുന്നു. "നാമിവിടെ ആയിരിക്കുന്നത് നന്ന്" (മത്താ. 17:4) എന്നത് ക്രിസ്തു സാന്നിധ്യാനുഭവത്തിന്റെ ഉദ്ഘോഷണമാണ്. ക്രിസ്തുവുമൊത്തുള്ള ആത്മീയവാസത്തിലാണ് പരിവർത്തനത്തിന്റെയും രൂപാന്തരീകരണത്തിന്റെയും സാധ്യതകൾ നമുക്കും മറ്റുള്ളവർക്കും സ്പഷ്ടമാവുന്നത്. ദൈവവിളി സ്വീകരിച്ചവർക്കും സ്വീകരിക്കാനാഗ്രഹിക്കുന്നവർക്കും ഉപകാരപ്രദമായേക്കാവുന്ന ചില നിർദ്ദേശങ്ങൾ നല്കുവാൻ ആഗ്രഹിക്കുന്നു:

1. ഓരോ ദൈവവിളിയും ദൈവദാനമാണ്. അത് ഒരു ദൗത്യനിർവ്വഹണത്തിനുള്ള വിളികൂടിയാണ്. അതിനാൽ ഓരോരുത്തർക്കും ലഭിച്ചിരിക്കുന്ന താലന്തുകൾ വളർത്തി മറ്റുള്ളവരുടെ നന്മയ്ക്കായി അവ ഉപയോഗിക്കുക പ്രധാനപ്പെട്ട കാര്യമാണ്. സമർപ്പിതദൈവവിളി സ്വീകരിക്കുന്ന വ്യക്തി ആ സമർപ്പണം തന്റെയും ആഗോളസഭയുടെയും നന്മയ്ക്കു വേണ്ടിയാണ് നടത്തുന്നതെന്ന കാര്യം മറക്കരുത്. ജീവിതപ്രശ്നങ്ങളിൽ നിന്നു രക്ഷപ്പെടാനോ മറ്റ് സ്വാർത്ഥലാഭങ്ങൾക്കു വേണ്ടിയോ ആകരുതെന്ന് അർത്ഥം.

2. ബാലനായ ദാവീദിനെ ദൈവം വിളിച്ചതുപോലെ മക്കളെ ദൈവം വിളിക്കുമ്പോൾ മാതാപിതാക്കന്മാരുടെ മോഹങ്ങളോ പദ്ധതികളോ ആ വിളിക്ക് തടസ്സമായി നില്ക്കാതിരിക്കണം. ദൈവപദ്ധതിക്ക് മക്കളെ സമർപ്പിക്കാനാണ് മാതാപിതാക്കന്മാർ ശ്രദ്ധിക്കേണ്ടത്.

3. യോനാ പ്രവാചകൻ മറ്റൊരു ദിക്കിലേക്ക് കപ്പൽ കയറിയപ്പോൾ പ്രകൃതിതന്നെ അതു മുടക്കുന്നത് നാം കാണുന്നു. ദൈവം വളർത്തിക്കൊണ്ടുവരുന്ന വിളിയെ ആരും മറുദിക്കിലേക്ക് കൊണ്ടുപോകരുത്; ദൈവത്തിന്റെ സ്വരത്തിനും പദ്ധതിക്കും വിധേയമാകുന്നതാണ് ഒരാൾക്ക് അനുഗ്രഹമായിത്തീരുന്നത്.

4. പ്രലോഭകൻ യേശുവിനെ ഉയരത്തിൽ കൊണ്ടുപോയി വാഗ്ദാനം കൊടുത്തു: "ഇവയല്ലാം നിനക്ക് ഞാൻ നല്കും" (മത്താ 4:9). ക്രിസ്തുവിന്റെ പാത കുരിശിന്റെ വഴിയാണെന്നിരിക്കെ, ലൗകിക സുഖങ്ങളുടെയും അധികാരമോഹങ്ങളുടെയും വാഗ്ദാനങ്ങളുമായി

ദൈവവിളി പ്രോത്സാഹനം നടത്തുന്നത് ഒരിക്കലും പ്രോത്സാഹിപ്പിക്കാൻ പാടില്ല. സഭകളും സമൂഹങ്ങളും രൂപതകളും തമ്മിൽ അനാവശ്യവും അനാരോഗ്യകരവുമായ മത്സരങ്ങൾ ഉണ്ടാകരുത്.

5. ദൈവവിളി സംബന്ധമായ എല്ലാ കാര്യങ്ങൾക്കും കെസിബിസി വൊക്കേഷൻ ഓഫീസുമായി ബന്ധപ്പെട്ടു പ്രവർത്തിക്കേണ്ടതാണ്.

7. സഭയിലാണ് ദൈവവിളി ജനിക്കുന്നതും വളരുന്നതും. അത് കൂടുതൽ ധ്യാനിക്കപ്പെടുന്നതും പ്രവർത്തനമണ്ഡലത്തിലിറങ്ങുന്നതും സഭയിൽ തന്നെയാണ്. നാളത്തെ സഭയുടെ ശക്തിസ്രോതസ്സാണ് ഇന്നത്തെ ദൈവവിളി സ്വീകർത്താക്കൾ. അവരെ വഴിനടത്തേണ്ടത് ഏതെങ്കിലും സ്വാർത്ഥലാഭ മോഹങ്ങളല്ല, മറിച്ച്, വിശ്വാസവും ആത്മാർത്ഥതയും സ്വയം ശൂന്യവത്കരണത്തിനുള്ള ആഗ്രഹവുമാണ്. ‘‘നിങ്ങൾ വിളവിന്റെ നാഥനോട് കൂടുതൽ വേലക്കാരെ അയയ്ക്കാനായി പ്രാർത്ഥിക്കുവിൻ” (മത്താ 9:38) എന്നാണ് ഗലീലിയിലെ വിളിയുടെ നായകൻ പറഞ്ഞത്. അതുകൊണ്ട് കൂടുതൽ നല്ല ദൈവവിളികൾ ഉണ്ടാകാൻ എല്ലാവരും പ്രാർത്ഥിക്കണം. ഇക്കൊല്ലത്തെ ദൈവവിളി പ്രാർത്ഥനാദിനത്തിൽ വൈദികർക്കും സമർപ്പിതർക്കുംവേണ്ടി ഒരു ജപമാല ചൊല്ലി പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥ്യം പ്രാർത്ഥിക്കുവാൻ എല്ലാവരോടും അഭ്യർത്ഥിക്കുന്നു. നല്ലവനായ ദൈവം കനിഞ്ഞ് ധാരാളം നല്ല ദൈവവിളികൾ നമുക്ക് സമ്മാനിക്കട്ടെ.

ഉത്ഥിതനായ ക്രിസ്തുവിന്റെ ശാന്തിയും സമാധാനവും നിങ്ങൾക്ക് ആശംസിച്ചുകൊണ്ട്,

**ബിഷപ്പ് വിൻസെന്റ് സാമുവൽ**
ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ

---

NB: 2014 മെയ് 11-ാം തീയതി ഞായറാഴ്ച ഈ സർക്കുലറിലെ ആശയങ്ങൾ നമ്മുടെ രൂപതയിലെ എല്ലാ ദൈവാലയങ്ങളിലും അന്നേദിവസം ദിവ്യബലി അർപ്പിക്കപ്പെടുന്ന സ്ഥാപനങ്ങളിലും ദിവ്യബലി മധ്യേ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കേണ്ടതാണ്.

**മാർ ജേക്കബ് മനത്തോടത്ത്**
പാലക്കാട് രൂപതയുടെ മെത്രാൻ





# 51-ാം ലോകദൈവവിളി ദിനം
# ഫ്രാൻസിസ് മാർപാപ്പായുടെ സന്ദേശം

പ്രിയ സഹോദരീസഹോദരന്മാരേ,

**1.** സുവിശേഷത്തിൽ ഇപ്രകാരം പറയുന്നു: “യേശു...എല്ലാ നഗരങ്ങളിലും ഗ്രാമങ്ങളിലും ചുറ്റിസഞ്ചരിച്ചു. ജനകൂട്ടങ്ങളെ കണ്ടപ്പോൾ യേശുവിന് അവരുടെ മേൽ കരുണ തോന്നി. അവർ ഇടയനില്ലാത്ത ആടുകളെപ്പോലെ പരിഭ്രാന്തരും നിസ്സഹായരുമായിരുന്നു. അവൻ ശിഷ്യന്മാരോടു പറഞ്ഞു: വിളവധികം; വേലക്കാരോ ചുരുക്കം. അതിനാൽ തന്റെ വിളഭൂമിയിലേക്ക് വേലക്കാരെ അയയ്ക്കാൻ വിളവിന്റെ നാഥനോടു പ്രാർത്ഥിക്കുവിൻ” (മത്താ 9:35-38). ഈ വാക്കുകൾ നമ്മെ വിസ്മയിപ്പിക്കുന്നു. കാരണം, ആദ്യം നിലം ഉഴുകയും വിത്തു വിതയ്ക്കുകയും സസ്യങ്ങളെ പോഷിപ്പിക്കുകയും ചെയ്യണമെന്നും പിന്നീട് തക്കസമയം വരുമ്പോൾ സമൃദ്ധമായ വിളവു ശേഖരിക്കണ മെന്നും നമുക്കറിയാം. അതിനു പകരം യേശു പറയുന്നു: “വിളവു സമൃദ്ധം.” എന്നാൽ ആരാണ് ഈ ഫലം പുറപ്പെടുവിക്കാൻ അധ്വാനിച്ചത്? ഈ ചോദ്യത്തിന് ഒരു ഉത്തരമേ ഉള്ളൂ: ദൈവം.

യേശു പരാമർശിക്കുന്ന വയൽ മനുഷ്യവംശമാണെന്ന്, നമ്മളാണെന്ന് വ്യക്തം. ധാരാളം ഫലം പുറപ്പെടുവിച്ച കാര്യക്ഷമമായ പ്രവൃത്തി ദൈവത്തിന്റെ കൃപയാണ്; അതായത് ദൈവവുമായുള്ള സംസർഗമാണ് (cf യോഹ 15:5). അതുകൊണ്ട് യേശു സഭയോടു പ്രാർത്ഥിക്കാൻ ആവശ്യപ്പെടുന്നത്, അവിടത്തെ രാജ്യത്തിനു സേവനം ചെയ്യാനുള്ള വരുടെ സംഖ്യ വർധിക്കുന്നതിനുവേണ്ടിയാണ്. “ദൈവത്തിന്റെ കൂട്ടു വേലക്കാരിൽ” ഒരാളായ വിശുദ്ധ പൗലോസ് സുവിശേഷത്തിനും സഭയ്ക്കുംവേണ്ടി നിരന്തരം സ്വയം സമർപ്പിച്ചു. ദൈവത്തിന്റെ നിഗൂഢാത്മകമായ രക്ഷാകരഹിതമെന്താണെന്നും കൃപാവരം ഓരോ ദൈവവിളിയുടെയും പ്രാരംഭമായിരിക്കുന്നതെങ്ങനെ യെന്നും വ്യക്തിപരമായി അറിഞ്ഞിട്ടുള്ള ആ അപ്പസ്തോലൻ കോറിന്തോസിലെ ക്രിസ്ത്യാനികളെ ഇങ്ങനെ ഓർമ്മിപ്പിക്കുന്നു: “നിങ്ങൾ ദൈവത്തിന്റെ വയലാണ്” (1 കോറി 3:9). അതുകൊണ്ടാണ് ദൈവത്തിനുമാത്രം തരാൻ കഴിയുന്ന സമൃദ്ധമായ വിളവിനെ സംബന്ധിച്ച് നമ്മുടെ ഹൃദയത്തിൽ ആദ്യം അദ്ഭുതം തോന്നുന്നത്. തുടർന്ന് എപ്പോഴും നമ്മുടെ മുമ്പേ പോകുന്ന സ്നേഹത്തെപ്രതിയുള്ള കൃതജ്ഞതയുണ്ടാകുന്നു. അവ സാനം അവിടന്നു പൂർത്തിയാക്കിയ പ്രവർത്തനത്തെക്കുറിച്ചുള്ള ആരാധനയുണ്ടാകുന്നു. ആ പ്രവർത്തനത്തിന് അവിടന്നിലും അവിട ത്തോടൊപ്പവും അധ്വാനിക്കാൻ നമ്മുടെ സ്വാതന്ത്ര്യസമ്മതം ആവശ്യമാണ്.

**2.** “അവിടന്നാണ് നമ്മെ സൃഷ്ടിച്ചത്. നമ്മൾ അവിടത്തേതാണ്. നാം അവിടത്തെ ജനവും അവിടന്ന് മേയ്ക്കുന്ന അജഗണവുമാകുന്നു (സങ്കീ 100:3). അല്ലെങ്കിൽ, “കർത്താവു യാക്കോബിനെ തനിക്കായി,

ഇസ്രായേലിനെ തന്റെ അവകാശമായി തിരഞ്ഞെടുത്തു" (സങ്കീ 135:4). എന്നിങ്ങനെ സങ്കീർത്തകനോടൊപ്പം നാം അനേകം പ്രാവശ്യം പ്രാർത്ഥിച്ചിട്ടുണ്ട്. എന്നാലും നമ്മെ അടിമകളാക്കുന്ന വിധത്തിലല്ല നാം ദൈവത്തിന്റേ തായിരിക്കുന്നത്. മറിച്ച് നമ്മളും ദൈവവും തമ്മിലും നമ്മൾ പരസ്പരവും ഐക്യപ്പെടുന്ന സുശക്തമായ ഒരു ബന്ധമുണ്ട്. ശാശ്വതമായ ഒരു ഉടമ്പടിയനുസരിച്ചാണത്. "എന്തെന്നാൽ അവിടത്തെ കാരുണ്യം അനന്തമാണ്" (സങ്കീ 136:1). ജെറമിയ പ്രവാചകനെ ദൈവം വിളിച്ച സംഭവം ഇതിന് ഒരു ഉദാഹരണമാണ്. അവിടത്തെ വചനം നമ്മിൽ നിവൃത്തിയാകുന്നതിനുവേണ്ടി അവിടന്ന് നമ്മെ നിരന്തരം നിരീക്ഷിക്കുന്നുവെന്ന് അതു നമ്മെ അനുസ്മരിപ്പിക്കുന്നു. ജാഗ്രതാവൃക്ഷത്തിന്റെ ശാഖയാണ് അവിടത്തെ പ്രതിബിംബം. ആദ്യം പൂക്കുന്ന മരമാണത്. വസന്തകാലത്ത് ജീവന്റെ പുനർ ജനനത്തെ അത് അറിയിക്കുന്നു (cf ജറെ 1:11-12). എല്ലാം ദൈവത്തിൽ നിന്നുവരുന്നു. എല്ലാം അവിടത്തെ ദാനമാണ് - ലോകം, ജീവൻ, മരണം, വർത്തമാനകാലം, ഭാവികാലം എന്നിവയെല്ലാം. എന്നാൽ അപ്പസ്തോലൻ നമുക്ക് ഉറപ്പു നല്കുന്നു: "നിങ്ങൾ ക്രിസ്തുവിന്റേതാണ്; ക്രിസ്തു ദൈവത്തിന്റേതും" (1 കോറി 3:23). അങ്ങനെ ദൈവത്തിന്റേ തായിരിക്കുകയെന്നത് എന്താണെന്നു വ്യക്തമാക്കപ്പെടുന്നു. യേശുവുമായുള്ള അനന്യവും വ്യക്തിപരവുമായ ഒരു ബന്ധത്തിലൂടെ അത് സംഭവിക്കുന്നു. നവജീവിതത്തിലേക്കുള്ള നമ്മുടെ പുനർജനനത്തിന്റെ ആരംഭം മുതൽ മാമ്മോദീസ മുതൽ, അതു നല്കുന്നു. അതുകൊണ്ട് ക്രിസ്തുവിൽ വിശ്വാസമർപ്പിക്കാൻ അവിടന്നു തന്നെയാണ് നമ്മെ തന്റെ വചനം വഴി വിളിക്കുന്നത്. "പൂർണഹൃദയത്തോടും പൂർണമനസ്സോടും പൂർണശക്തിയോടുംകൂടെ സ്നേഹിച്ചുകൊണ്ട്" (മർക്കോ 12:33) അങ്ങനെ ചെയ്യാൻ വിളിക്കുന്നത്.

അതുകൊണ്ട് ഓരോ വിളിയും വിവിധ മാർഗങ്ങളിലുള്ളതാണെങ്കിലും എപ്പോഴും തന്നിൽനിന്നു തന്നെയുള്ള ഒരു പുറപ്പാട് ആവശ്യപ്പെടുന്നുണ്ട്. ക്രിസ്തുവിലും അവിടത്തെ സുവിശേഷത്തിലും ജീവിതം കേന്ദ്രീകരിക്കുന്നതിനാണത്. വിവാഹജീവിതത്തിലും സമർപ്പിതജീവിത രൂപങ്ങളിലും വൈദിക ജീവിതത്തിലും ദൈവേഷ്ടത്തിനു ചേരാത്ത ചിന്താരീതികളെയും പ്രവർത്തനരീതികളെയും നമ്മൾ കീഴടക്കണം. "കർത്താവിനെ ആരാധിക്കുന്നതിലേക്കും സഹോദരീ സഹോദരന്മാരിലൂടെ അവിടത്തെ സേവിക്കുന്നതിലേക്കും നയിക്കുന്ന ഒരു പുറപ്പാടാണത്" (Address to the International Union of Superiors General, 8 May, 2013). അതുകൊണ്ട് ക്രിസ്തുവിനെ ഹൃദയത്തിൽ ആരാധിക്കാൻ നാമെല്ലാവരും വിളിക്കപ്പെട്ടിരിക്കുന്നു (1 പത്രോ 3:15). വചനമാകുന്ന വിത്തിൽ ഉൾക്കൊണ്ടിരിക്കുന്ന കൃപയുടെ പ്രചോദനത്താൽ സ്പർശിക്കപ്പെടാൻ സ്വയം അനുവദിക്കുന്നതിനാണത്. ആ വിത്ത് നമ്മിൽ വളരുകയും നമ്മുടെ അയൽക്കാരനുവേണ്ടിയുള്ള വസ്തുനിഷ്ഠമായ സേവനമായി അത്





പരിണമിക്കുകയും ചെയ്യാൻ വേണ്ടിയാണത്. നാം ഭയപ്പെടേണ്ടതില്ല. ജീവിതത്തിന്റെ ഓരോ ഘട്ടത്തിലും ദൈവം തന്റെ കരവേലയെ തീക്ഷ്ണതയോടും വൈദഗ്ധ്യത്തോടും കൂടി പിന്തുടരു ന്നുണ്ട്. അവിടന്നു നമ്മെ ഒരിക്കലും ഉപേക്ഷിക്കുന്നില്ല. നമ്മെ സംബന്ധിച്ച തന്റെ പദ്ധതിയുടെ നിറവേറൽ അവിടത്തെ ഹൃദയത്തിലുണ്ട്. എന്നാലും നമ്മുടെ സമ്മതത്തോടും സഹകരണത്തോടും കൂടി അതു നിറവേറാൻ അവിടന്ന് ആഗ്രഹിക്കുന്നു.

**3.** ഇന്നും സാധാരണ ജീവിതത്തിന്റെ പാതകളിലൂടെ യേശു സഞ്ചരിക്കുന്നു. അവസാനത്തെ വ്യക്തി മുതൽ എല്ലാവരുടെയും അടുക്കൽ എത്തിച്ചേരാനും നമമുടെ ദൗർബല്യങ്ങളും രോഗങ്ങളും സുഖപ്പെടുത്താനും വേണ്ടിയാണത്. സഭയിൽ മുഴങ്ങുന്ന ക്രിസ്തുവിന്റെ ശബ്ദം ശ്രവിക്കാനും തങ്ങളുടെ വിളി എന്താണെന്നു ഗ്രഹിക്കാനും സന്മനസ്സുള്ളവരിലേക്കു തന്റെ ശ്രദ്ധ തിരിക്കുന്ന, യേശുവിനെ കേൾക്കാനും അവിടത്തെ അനുഗമിക്കാനും അവിടത്തെ വചനം വഴി ആന്തരികമായി രൂപാന്തരപ്പെടാനും ഞാൻ നിങ്ങളെ ക്ഷണിക്കുന്നു. അവിടത്തെ വചനങ്ങൾ "ആത്മാവും ജീവനുമാണ്" (യോഹ 6:62). യേശുവിന്റെയും നമ്മുടെയും അമ്മയായ മറിയവും നമ്മോട് ഇങ്ങനെ പറയുന്നു: "അവൻ പറയുന്നതുപോലെ ചെയ്യുവിൻ" (യോഹ 2:5). സാമൂഹികമായ യാത്രയിൽ പങ്കുചേരാൻ അതു സഹായകമാകും. നിങ്ങളിലും നിങ്ങളുടെ ചുറ്റുവട്ടത്തുള്ളവരിലും നിങ്ങളുടെ ഊർജം ശരിയായി വിനിയോഗിക്കാൻ അതു കഴിവു നല്കും. യഥാർത്ഥ സഭാത്മകജീവിതത്തിന്റെ സാഹചര്യത്തിൽ, പരസ്പര സേവനമായിത്തീരുന്ന പരസ്പര സ്നേഹത്തിന്റെ പരിപോഷിതമായ വയലി ലുണ്ടാകുന്ന ഫലമാണ് ദൈവവിളി. ഒരു വിളിയും സ്വയം ജനിക്കുന്നില്ല. തനിക്കു വേണ്ടിത്തന്നെ ജനിക്കുന്നില്ല. വിളി ദൈവത്തിന്റെ ഹൃദയത്തിൽ നിന്നു പ്രവഹിക്കുന്നു. വിശ്വാസമുള്ള ജനതയാകുന്ന നല്ല മണ്ണിൽ സഹോദര സ്നേഹത്തിന്റെ അനുഭവത്തിൽ പുഷ്പിക്കുന്നു. "നിങ്ങൾക്കു പരസ്പര സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യരാണെന്ന് അതുമൂലം എല്ലാവരും അറിയും" (യോഹ 13:35) എന്നു യേശു പറഞ്ഞിട്ടില്ലേ?

**4.** പ്രിയ സഹോദരീസഹോദരന്മാരേ, "സാധാരണ ക്രൈസ്തവ ജീവിതത്തിന്റെ ഈ ഉന്നതനിലവാരം" (cf ജോൺ പോൾ II, നവസഹ്രാബ്ദത്തിന്റെ തുടക്കത്തിൽ, അപ്പസ്തോലിക ലേഖനം, 31) തിരമാലയ്ക്കെതിരേ നീങ്ങുകയെന്നർത്ഥമുള്ളതാണ്. നമ്മിലും നമുക്കു പുറത്തുമുള്ള തടസ്സങ്ങളെ നേരിടുകയെന്നും അതിന് അർത്ഥമുണ്ട്. യേശു നമുക്ക് ഇങ്ങനെ മുന്നറിയിപ്പു നല്കിയിരിക്കുന്നു: ദൈവവചനമാകുന്ന നല്ല വിത്ത് മിക്കപ്പോഴും ദുഷ്ടനാൽ മോഷ്ടിക്കപ്പെടും, പീഡനംകൊണ്ടു തടയപ്പെടും, ലൗകിക താത്പര്യങ്ങളാലും പ്രലോഭനങ്ങളാലും ശ്വാസം മുട്ടിക്കപ്പെടും (cf മത്താ 13:19-22). ഈ പ്രയാസങ്ങൾ നമ്മെ നിരുത്സാഹപ്പെടുത്തിയേക്കും. കൂടുതൽ ആശ്വാസകരമെന്നു തോന്നിക്കുന്ന

മാർഗങ്ങളിലേക്ക് നമ്മെ തിരിച്ചു വിളിച്ചേക്കും. എന്നാലും വിളിക്കപ്പെട്ടവരുടെ യഥാർഥ സന്തോഷം അടങ്ങിയിരിക്കുന്നത് കർത്താവു വിശ്വസ്തനാണെന്നും നമുക്കു അവിടത്തോടുകൂടെ സഞ്ചരിക്കാമെന്നും അവിടത്ത ശിഷ്യന്മാരും ദൈവസ്നേഹത്തിന്റെ സാക്ഷികളും ആയിരിക്കാമെന്നും വലിയ ആദർശങ്ങളിലേക്ക്, മഹത്തായ കാര്യങ്ങളിലേക്ക് നമ്മുടെ ഹൃദയം തുറക്കാനാവുമെന്നും വിശ്വസിക്കുകയും അനുഭവിക്കുകയും ചെയ്യുന്നതിലാണ്. “ക്രൈസ്തവരായ നമ്മൾ ചെറിയ കാര്യങ്ങൾക്കായി കർത്താവു തിരഞ്ഞെടുത്തവരല്ല. ഏറ്റവും ഉന്നതമായ തത്ത്വങ്ങളിലേക്ക് മുന്നേറുവിൻ. ഉന്നതാദർശങ്ങൾക്ക് ജീവിതം പണയം വയ്ക്കുക!” (Homily at Holy Mass and the Conferral of the sacrament of Confirmations, 28 April 2013).

ദൈവവിളിപരമായ അജപാലനപദ്ധതിയെ ഈ ലക്ഷ്യമുള്ളതാക്കാൻ മെത്രാന്മാരോടും വൈദികരോടും സന്ന്യസ്തരോടും ക്രൈസ്തവ സമൂഹങ്ങളോടും കുടുംബങ്ങളോടും ഞാൻ ആവശ്യപ്പെടുന്നു. അപ്രകാരം ചെയ്യുന്നതാകട്ടെ, വിശുദ്ധിയുടെ മാർഗത്തിലൂടെ യുവജനങ്ങളോടൊപ്പം സഞ്ചരിച്ചുകൊണ്ടായിരിക്കണം. ആ മാർഗങ്ങൾ വ്യക്തിപരമാണ്. “അത് വിശുദ്ധിയിലുള്ള യഥാർത്ഥ പരിശീലനത്തിനായുള്ള വിളിയാണ്. ആ പരിശീലനം ഓരോ വ്യക്തിയുടെയും ആവശ്യത്തിനു ചേർന്നതാക്കാൻ കഴിയുന്നതാണ്. വ്യക്തികളും ഗ്രൂപ്പുകളും ഓരോ വ്യക്തിക്കും നല്കുന്ന പരമ്പരാഗതരൂപങ്ങളെയും ആധുനികകാലത്ത് സഭ അംഗീകരിച്ചിട്ടുള്ള സംഘടനകളും പ്രസ്ഥാനങ്ങളും നല്കുന്ന വിഭവങ്ങളെയും ഒന്നിപ്പിക്കുന്നതുമായിരിക്കണം. പ്രസ്തുത പരിശീലനം” (ആസന്നമായ മൂന്നാം സഹസ്രാബ്ദം, 31).

അതുകൊണ്ട് നമ്മുടെ ഹൃദയം വചനം ശ്രവിച്ചും സ്വീകരിച്ചും ജീവിച്ചും ഫലപൂർണമായിത്തീരുന്ന “നല്ല മണ്ണായി” പരിണമിക്കാൻ ശ്രമിക്കാം. പ്രാർത്ഥന, വിശുദ്ധലിഖിതങ്ങൾ, ദിവ്യകാരുണ്യം, സഭയിലും സാഹോദര്യത്തിലും ആഘോഷിക്കപ്പെടുകയും ജീവിക്കപ്പെടുകയും ചെയ്യുന്ന കൂദാശകൾ എന്നിവയോടു നമ്മെ കൂടുതൽ ഐക്യപ്പെടുത്താം. ആ ഐക്യത്തിലുള്ള വളർച്ചയനുസരിച്ച് ദൈവവുമായി സഹകരിക്കുന്നതിലുള്ള സന്തോഷം നമ്മിൽ വർധിക്കും. കാരുണ്യത്തിന്റെയും സത്യത്തിന്റെയും നീതിയുടെയും സമാധാനത്തിന്റെയും ദൈവരാജ്യത്തിനുള്ള സേവനത്തിൽ ദൈവവുമായുള്ള സഹകരണമാണത്. അപ്പോൾ വിളവു സമൃദ്ധമാകും. നമ്മുടെ ഹൃദയത്തിലേക്ക് നമ്മൾ വിനയപൂർവം സ്വീകരിച്ച ദൈവികകൃപയ്ക്കു ആനുപാതികമായി വിളവു സമൃദ്ധമാകും.

ഈ ആഗ്രഹത്തോടെ, എനിക്കുവേണ്ടി പ്രാർത്ഥിക്കാൻ നിങ്ങളോട് അഭ്യർത്ഥിച്ചുകൊണ്ട്, നിങ്ങൾക്കെല്ലാവർക്കും ഞാൻ ഹൃദയപൂർവം അപ്പസ്തോലികാശീർവാദം നല്കുന്നു.

**ഫ്രാൻസിസ് മാർപാപ്പാ**





2014



# BISHOP'S Engagements

**2014 MAY**

| | | |
|---|---|---|
| 8 | | Mount St. Thomas, Kakkanad |
| 9 | | Consultors Meeting, Bishop's House |
| 10 | AM | St. Joseph Church, Ponkandam |
| | PM | St. Mary's Church, Kadappara |
| 11 | | St. Sebastian's Church, Irumbakachola |
| 14 | | Final Profession, Kuzhikkattussery |
| | | *Prathibha Sangamam*, Mount St. Thomas,Kakkanad |
| 15 | AM | Meeting, Pastoral Centre |
| | PM | Sehion Retreat Centre, Thavalam |
| 17 | | Jubilee, CMC Sisters |
| 18 | AM | St. Raphaels Cathedral |
| | PM | Lourde Matha Forane Church, Vadakkencherry |
| 19 | PM | Meeting, Ayurpalana Hospital |
| 20 | | St. George Church, Vachanagiri |
| 21-22 | | Young Priests' Ongoing Formation, Bishop's House |
| 24 | AM | Meeting, Pastoral Centre |
| | PM | Blessing, Good Shepherd Church, Pothundy |
| 25 | | St. Mary's Church, Arogyapuram |
| 27 | | Jubilee, MSJ Sisters, Valliyode |
| 28 | | Inter Curia Meeting, Irinjalakuda |
| 29 | | Church Blessing, Ganeshgiri |
| 31 | AM | St. Thomas Church, Koduvayur |
| | PM | Nithyasahayamatha Church, Panthalampadam |

**2014 JUNE**

| | | |
|---|---|---|
| 1 | | St. Joseph Forane Church, Ottappalam |
| 3-5 | | KCBC Meeting |
| 7 | | Thaikkattussery |
| 8 | | Holy Family Church, Chittur |
| 10 | | Monthly Recollection, Bishop's House |




**മാസധ്യാനം**
മെയ് മാസത്തിലെ വൈദികരുടെ മാസധ്യാനം അതതു ഫൊറോനകളിൽ വെച്ചായിരിക്കും നടത്തപ്പെടുന്നത്.

**ഓഡിറ്റിംഗ്**
പള്ളിക്കണക്ക് രൂപതാകാര്യാലയത്തിൽ ഓഡിറ്റ് ചെയ്യണമെന്നുള്ളവർ അനുബന്ധ പുസ്തകങ്ങളും റെക്കോർഡുകളും 2014 മെയ് 22 നു മുമ്പ് ഓഫീസിൽ ഏല്പിക്കേണ്ടതാണ്. വാർഷിക തെരട്ടിനൊപ്പം, പള്ളി ഭൂസ്വത്തുകളുടെ കരം അടച്ച രസീതും വികാരിയുടെ പേഴ്സണൽ പാൻകാഡിന്റെ കോപ്പിയും നിർബന്ധമായും കൊണ്ടുവരണം.

**തുടർപരിശീലനം**
മെയ് 21, 22 തിയ്യതികളിലെ ത്രൈമാസ സമ്മേളനത്തിനുപകരം 2007 മുതൽ 2014 വരെ വർഷങ്ങളിൽ പട്ടം സ്വീകരിച്ച ബഹു. വൈദികർക്കുവേണ്ടി തുടർപരിശീലന ക്ലാസ്സ് ബിഷപ്സ് ഹൗസിൽവെച്ച് നടത്തുന്നതാണ്. മെയ് 21ന് വൈകിട്ട് 4 മണിമുതൽ രാത്രി 8 മണിവരെയും 22 ന് രാവിലെ 9 മണിമുതൽ 1 മണിവരെയുമുള്ള ക്ലാസ്സിൽ മേൽ സൂചിപ്പിച്ച വർഷങ്ങളിലെ എല്ലാ വൈദികരും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

**കെയർ ഹോം, ഓർഫനേജ് പ്രതിനിധികളുടെ മീറ്റിംഗ്**
രൂപതയിലെ കെയർ ഹോമുകളുടേയും, ഓർഫനേജുകളുടേയും പ്രവർത്തനങ്ങൾ ഏകോപിക്കുന്നതിനായി 2014 മെയ് മാസം 15-ാം തിയ്യതി വ്യാഴാഴ്ച രാവിലെ 10.30ന് പാസ്റ്ററൽ സെന്ററിൽവെച്ച് അഭിവന്ദ്യ മാർ ജേക്കബ് മനത്തോടത്ത് പിതാവിന്റെ അധ്യക്ഷതയിൽ ചേരുന്ന യോഗത്തിലേക്ക് പ്രസ്തുത സ്ഥാപനങ്ങളിലെ പ്രതിനിധികളെ ക്ഷണിക്കുന്നു. യോഗത്തിൽ കെ.സി.ബി.സി യുടെ നേതൃത്വത്തിൽ കെയർ ഹോമുകളുടെ ചുമതല നിർവ്വഹിക്കുന്ന ബഹു. ഫാ. റോയ് വടക്കേൽ ക്ലാസ്സുകൾക്ക് നേതൃത്വം വഹിക്കുന്നതായിരിക്കും. പങ്കെടുക്കുന്നവർ പേരുവിവരം മുൻകൂട്ടി അറിയിക്കണം. ഫോൺ: 9447020395, 9400299234

**അഭിനന്ദനങ്ങൾ**



ഇഗ്നോ യൂണിവേഴ്സിറ്റിയിൽ നിന്നും ബിഎ ഫിലോസഫിയിൽ ഗോൾഡ് മെഡൽ നേടിയ ബ്രദർ ക്രിസ്റ്റോ കല്ലുവേലിക്ക് അഭിനന്ദനങ്ങൾ...





## Names of priests who are to lead the adoration at Nithyaaraadhana Chapel, Palakkad.

| Date | Day | Name |
|---|---|---|
| 2-Jun-14 | MON | Rev. Fr. Puramadathil Jino |
| 3-Jun-14 | TUE | Rev. Fr. Puthenpurayil Joshy |
| 4-Jun-14 | WED | Rev. Fr. Puthukara John |
| 5-Jun-14 | THU | Rev. Fr. Thaikattil Anto |
| 6-Jun-14 | FRI | Rev. Fr. Thamarassery Sebastian |
| 7-Jun-14 | SAT | Rev. Fr. Thanickal Thomas |
| 9-Jun-14 | MON | Rev. Fr. Tharaniyil Paul |
| 10-Jun-14 | TUE | Rev. Fr. Thattil Martin |
| 11-Jun-14 | WED | Rev. Fr. Thekkumkattil Jomy |
| 12-Jun-14 | THU | Rev. Fr. Theruvankunnel George |
| 13-Jun-14 | FRI | Rev. Fr. Thoonikavil Jose Prakash |
| 14-Jun-14 | SAT | Rev. Fr. Thottian Paul |
| 16-Jun-14 | MON | Rev. Fr. Thukkuparambil Betson |
| 17-Jun-14 | TUE | Rev. Fr. Thuruthuvelil Nilesh |
| 18-Jun-14 | WED | Rev. Fr. Thuruthipally George |
| 19-Jun-14 | THU | Rev. Fr. Urukuzhiyil Sebin |
| 20-Jun-14 | FRI | Rev. Fr. Vadakkekara Goji |
| 21-Jun-14 | SAT | Rev. Fr. Vadakkekara Tom |
| 23-Jun-14 | MON | Rev. Fr. Vadakkumchery Thomas |
| 24-Jun-14 | TUE | Rev. Fr. Vadakken Jaison |
| 25-Jun-14 | WED | Rev. Fr. Valayathil Xavier |
| 26-Jun-14 | THU | Rev. Fr. Vattukalathil Saji |
| 27-Jun-14 | FRI | Rev. Fr. Vazhayil Mathew |
| 28-Jun-14 | SAT | Rev. Fr. Vazheparambil Sebastian |
| 30-Jun-14 | MON | Rev. Fr. Velliamkandathil Jaijin |

**NB: The Rev. Fathers are to reach the Adoration Chapel on the previous day at 3.00 p.m and do the ministry till 3.00 p.m on the given day.**

# വിശ്വാസപരിശീലനവേദി

Email: catechismpalghat@gmail.com, Website: www.catechismpalghat.org

**റീ. എക്സാമിനേഷൻ**

10-ാം ക്ലാസ്സിന്റെ റീ എക്സാം മെയ് 4-ാം തീയതി നടത്തപ്പെടുന്നു. മെയ് 5-ാം തീയതി തിങ്കളാഴ്ച്ച തന്നെ ഉത്തരക്കടലാസുകൾ മതബോധനകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**മതബോധന സംയുക്ത സമ്മേളനം**

2014 മെയ് 24-ാം തിയ്യതി ശനിയാഴ്ച കാലത്ത് 9.00 മുതൽ 12.00 വരെ പാലക്കാട് പാസ്റ്ററൽ സെന്ററിൽ വെച്ച് മതബോധന സംയുക്ത സമ്മേളനം നടക്കുന്നു. **2014-2015 അധ്യയന വർഷത്തിന്റെ ഉദ്ഘാടനം, 2013-2014 അധ്യായന വർഷത്തിന്റെ റിപ്പോർട്ട് അവതരണം, 10-12 ക്ലാസ്സുകളിലെ റാങ്ക് ജേതാക്കളെ ആദരിക്കൽ, സൺഡേസ്കൂൾ, റെഗുലർ സ്കൂൾ, സ്കോളർഷിപ്പ് വിജയികൾക്കുള്ള സമ്മാനദാനം, കുട്ടികളുടെ രചനാ മത്സര വിജയികൾക്കുള്ള സമ്മാനദാനം, അടുത്തവർഷത്തേക്കുള്ള കലണ്ടർ, സ്റ്റാറ്റിസ്റ്റിക്സ് ഫോമുകൾ, സർട്ടിഫിക്കറ്റുകൾ, ലോഗോസ് രജിസ്ട്രേഷൻ ഫോമുകളുടെ വിതരണം തുടങ്ങിയവയാണ് അന്നേ ദിവസത്തെ പരിപാടികൾ.** സമ്മാനാർഹരായവരെ പങ്കെടുപ്പിക്കാൻ പ്രധാനാദ്ധ്യാപകർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. സമ്മാനദാനം രാവിലെ അഭിവന്ദ്യ പിതാവ് നിർവ്വഹിക്കുന്നതാണ്. ബഹു. വികാരിയച്ചന്മാരും മതബോധന കൗൺസിൽ അംഗങ്ങളും, സൺഡേസ്കൂൾ റെഗുലർസ്കൂൾ പ്രധാനാദ്ധ്യാപകരും സമ്മാനാർഹരായവരും പ്രസ്തുത സമ്മേളനത്തിൽ സംബന്ധിക്കണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു. എല്ലാവരേയും പ്രസ്തുത സമ്മേളനത്തിലേക്ക് സാദരം ക്ഷണിക്കുകയും ചെയ്യുന്നു.

**യൂണിറ്റുകളിൽ സ്റ്റാഫ് മീറ്റിംഗ്**

മെയ് 25-ാം തിയ്യതി ഞായറാഴ്ച ഇടവകകളിൽ സ്റ്റാഫ് മീറ്റിംഗ് കൂടുകയും മതബോധന കലണ്ടർ ചർച്ച ചെയ്ത് പ്രവർത്തന രൂപരേഖ തയ്യാറാക്കുകയും ചെയ്യേണ്ടതാണ്. അതോടൊപ്പം മതബോധനദിനാചരണത്തെക്കുറിച്ച് ചിന്തിക്കുകയും വിശ്വാസപരിശീലനവർഷാരംഭദിനമായ ജൂൺ 1-ാം തിയ്യതി മതബോധനദിനമായി ആചരിക്കുകയും ചെയ്യണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

**സൺഡേ കാറ്റികിസം പുസ്തകങ്ങൾ**

പുതിയ അദ്ധ്യായന വർഷത്തേക്ക് അതാത് യൂണിറ്റുകളിൽ ആവശ്യമുള്ള പുസ്തകങ്ങളുടെ എണ്ണം നിർദ്ദിഷ്ട ഓർഡർ ഫോമിൽ പൂരിപ്പിച്ച് മെയ് 10-ന് മുമ്പായി മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.





**ബി.ടി.സി**

വിശ്വാസപരിശീലനരംഗത്ത് പ്രവർത്തിക്കുന്നവർക്കായുള്ള ബേസിക് ട്രെയ്നിംഗ് കോഴ്സ് (ബി.ടി.സി) ജൂൺമാസം (13, 14, 15 വെള്ളി, ശനി, ഞായർ) തിയ്യതികളിലായി പാലക്കാട് പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെടുന്നു. രാവിലെ 9.30 മുതൽ രാത്രി 10 മണിവരെയാണ് ക്ലാസുകൾ ക്രമീകരിച്ചിരിക്കുന്നത്. എല്ലാവരും പാസ്റ്ററൽ സെന്ററിൽ താമസിച്ച് ബി.ടി.സി കോഴ്സിൽ പങ്കെടുക്കേണ്ടതാണ്.

3 ദിവസത്തെ കോഴ്സിൽ പൂർണ്ണമായും സംബന്ധിക്കുന്നവർക്ക് മാത്രമേ ബി.ടി.സി സർട്ടിഫിക്കറ്റ് ലഭിക്കുകയുള്ളൂവെന്ന് ഓർമ്മിപ്പിക്കുന്നു. ബി.ടി.സി സർട്ടിഫിക്കറ്റ് മതബോധന രംഗത്ത് പ്രവർത്തിക്കുന്നവർക്ക് ഒരു അടിസ്ഥാന യോഗ്യതയാണ്. 12-ാം ക്ലാസ്സ് കഴിഞ്ഞവരും വരും വർഷങ്ങളിൽ വേദപാഠം പഠിപ്പിക്കാൻ സാധ്യതയുള്ളവരും ഇതിൽ പങ്കെടുക്കുന്നത് ഉചിതമായിരിക്കും. രജി.ഫീസ്. 350 രൂപ

**വിശ്വാസപരിശീലന വാർഷാരംഭം (മതബോധനദിനം)**

ജൂൺ 1-ാം തിയ്യതി ഞായറാഴ്ച പുതിയ അധ്യായനവർഷത്തിന് ആരംഭം കുറിക്കുന്നു. അന്നേദിനം ഇടവകകളിൽ മതബോധനദിനമായി ആചരിക്കാനും അന്നേ ദിവസം മുൻകൂട്ടി അറിയിച്ച് സ്തോത്രക്കാഴ്ച എടുത്ത് പ്രസ്തുത തുക മതബോധന പ്രവർത്തനങ്ങൾക്കായി രൂപതാ മതബോധന കേന്ദ്രത്തിൽ എത്തിക്കാനും ശ്രദ്ധിക്കുമല്ലോ.

**വിഷൻ ക്യാമ്പ് 2014**

ഈ വർഷം10-ാം ക്ലാസ്സിൽ പരീക്ഷയെഴുതിയ കുട്ടികൾക്കായി ജീവിതദർശന ക്യാമ്പ് മതബോധന കേന്ദ്രം സംഘടിപ്പിക്കുകയുണ്ടായി. ഒമ്പത് സെഷനുകളിലായി രണ്ട് ദിവസം വീതം നടന്ന ക്യാമ്പിൽ 701 കുട്ടികൾ പങ്കെടുത്തു. കരിയർ ഗൈഡൻസ്, വ്യക്തിത്വവികസനം, ധാർമ്മികത, കാർഷികജീവിതം, ക്രിസ്ത്യൻ മനഃസാക്ഷി, ദൈവവിളി തുടങ്ങിയ വിഷയങ്ങളെ അധികരിച്ച് പ്രമുഖർ ക്ലാസ്സുകൾ എടുത്തു. ശ്രീ. സന്തോഷ്, റവ. ഫാ. സജി വട്ടുകളത്തിൽ, റവ. ഫാ. ജെയ്മോൻ പള്ളിനീരാക്കൽ, റവ. ഫാ. സീജോ കാരിക്കാട്ടിൽ, റവ.ഫാ ജോമിസ് കൊടകശ്ശേരിൽ, റവ. ഫാ. ജോമി തേക്കുംകാട്ടിൽ തുടങ്ങിയവർ ക്ലാസ്സെടുത്തു.

**നന്ദിയും സ്വാഗതവും**

വിശ്വാസപരിശീലന വേദിയിൽ വളരെ സ്തുത്യർഹമായി സേവനം അനുഷ്ഠിച്ച് തിയോളജി പഠനത്തിനായി പോകുന്ന റവ. ബ്ര. ജൈജു കൊഴുപ്പക്കളത്തിന് ഹൃദ്യമായ നന്ദിയും പ്രാർത്ഥനാശംകളും.

അതോടൊപ്പം വിശ്വാസപരിശീലനവേദിയിൽ പുതിയതായി ചാർജ്ജെടുത്ത റവ. ബ്ര. ജോസഫ് അറയ്ക്കലിന് ഹൃദ്യമായ സ്വാഗതം.

## Regular School Scholarship Examination Result 2013-2014

### Daily Catechism

| | | Name | School |
|---|---|---|---|
| **IV -** | 1st Rank | Ajin T K | Holy Family EMS, Ponnamkode |
| | 2nd Rank | Aneena Roy | Carmel UPS, Palakkayam |
| | 3rd Rank | Minnu Mathew | Mount Carmel LPS, Jellippara |
| **VII-** | 1st Rank | Christo C Paul | Mount Carmel HS, Jellippara |
| | 2nd Rank | Anjali M S | Mount Carmel HS, Jellippara |
| | 3rd Rank | Sinet V Areckal | Kanikkamatha CEMGHSS |
| **X-** | 1st Rank | Aleena Johnson | Kanikkamatha CEMGHSS |
| | 2nd Rank | Jasna Jose | St. Peter's Kookkampalayam |
| | 3rd Rank | Jasmine Pauly | Kanikkamatha CEMGHSS |

### Moral Science

| | | | |
|---|---|---|---|
| **IV -** | 1st Rank | Vrinda U B | Holy Family UPS, Ponnamkode |
| | 2nd Rank | Aswini Shiju | Holy Family UPS, Mundakunnu |
| | 3rd Rank | Adarsh V | Holy Family UPS, Ponnamkode |
| **VII-** | 1st Rank | Manya M | St. Thomas UPS, Kairady |
| | 2nd Rank | Anjali P | Assisi EMHSS, Kanjikode |
| | 3rd Rank | Athira A M | Mount Carmel HS, Jellippara |
| **X-** | 1st Rank | Safna T I | Lourde Matha, Mangalam Dam |
| | 2nd Rank | Soumya K G | St. Thomas HS, Olavakode |
| | 3rd Rank | Soofiya Jasmen | St. Peter's HS, Kookkampalayam |
| **XII -** | 1st Rank | Sinju K | Lourde Matha, Mangalam Dam |
| | 2nd Rank | Anzia M A | Lourde Matha, Mangalam Dam |
| | 3rd Rank | Sreya Antony | Cherupuzhpam GHSS, VDY |

### School Catechism in Moral Science Rolling Trophy Winners 2013-2014

L.P. Section : Holy Family School, Ponnamkode
U.P. Section : Mount Carmel H.S., Jellippara
H.S. Section : Kanikkamatha CEMGHSS
H.S.S. Section : Lourde Matha, Mangalam Dam

### Sunday School Scholarship Examination Result 2013 -14

| | | |
|---|---|---|
| **IV** | 1st Rank | Jerin James, Keralassery |
| | 2nd Rank | Saniya Shajan, Kanjikode |
| | 3rd Rank | Jiya Jose, Karimba |





| | | |
|---|---|---|
| **VII** | 1st Rank | Christo C Paul, Agali |
| | 2nd Rank | Therese Thomas, Ponnamkode |
| | 3rd Rank | Akhila Binoy, Agali |
| **X** | 1st Rank | Aiswarya Baby, Vadakkenchery |
| | 2nd Rank | Jasna Jose, Thavalam |
| | 3rd Rank | Shaun Thomas, Pulapatta |

### Sunday School Scholarship Forane 1st

| | | |
|---|---|---|
| **Std X** | Mannarkkad | - Jithu Jose, Sreekrishnapuram |
| | Palakkad | - Jinu E.S, Cathedral |
| **Std VII** | Kanjirapuzha | - Sona Joseph, Irumpakachola |
| | Mangalam Dam | - Maria Jose ,Olippara |
| | Mannarkkad | - Rija George ,Kandamangalam |
| | Olavakode | - Joyel Johny, Pulapatta |
| | Palakkad | - Delphy Manuael, Kanjikode |
| | Ponnamkode | - Angel George, Ponnamkode |
| | Thathamangalm | - Arun Mani , Thathamangalam |
| | Thavalam | - Anjaly Sunny, Agali |
| | Vadakkenchery | - Maria Ullas , Vadakkenchery |
| **Std IV** | Kanjirapuzha | - Sneha k , Kanjirapuzha |
| | Mangalam dam | - Albina Biju, Kairady |
| | Mannarkkad | - Kripa Roy, Alanellur |
| | Olavakode | - Liya Jojo, St Jude Malampzha |
| | Ottapalam | - Salvin Thomas, Kadambur |
| | Palakkad | - Ebin Raj Y , Kanjikode |
| | Ponnamkode | - Swanthana M M, Kalladikode |
| | Thathamangalam | - Alen K Thomas , Chittoor, Palakkad |
| | Thavalam | - Ebel Joy , Karara |
| | Vadakkenchery | - Ardra Maria, Vadakkenchery |

### Xth Examination Result 2013-2014 at a glance

| Parish | Attended | Passed | Distinction | First Class | Percentage |
|---|---|---|---|---|---|
| **KANJIRAPUZHA** | | | | | |
| Kanjirapuzha | 34 | 34 | 5 | 22 | 100% |
| Cheenickappara | 05 | 05 | 1 | 3 | 100% |

| | | | | | |
|---|---|---|---|---|---|
| Irumpakachola | 15 | 15 | 2 | 9 | 100% |
| Palakkayam | 14 | 14 | 2 | 7 | 100% |
| Poonchola | 4 | 3 | - | 1 | 75% |
| Vazhikadavu | 2 | 2 | 1 | - | 100% |
| Vimalagiri | 2 | 2 | - | 2 | 100% |
| **MANGALAM DAM** | | | | | |
| Mangalam Dam | 28 | 26 | 4 | 13 | 92% |
| Baleswaram | 4 | 4 | 1 | 2 | 100% |
| Marianagar-Chittady | 10 | 10 | 1 | 7 | 100% |
| Maryland-Chittady | 2 | 2 | - | 1 | 100% |
| Elavampadam | 14 | 12 | 1 | 4 | 85.7% |
| Kadappara | 4 | 4 | - | 3 | 100% |
| Kairady | 2 | 2 | - | 2 | 100% |
| Neethipuram | 5 | 5 | 1 | 3 | 100% |
| Odamthode | 4 | 3 | - | 2 | 75% |
| Olippara | 13 | 13 | 2 | 9 | 100% |
| Ponkandam | 6 | 6 | 1 | 3 | 100% |
| **MANNARKKAD** | | | | | |
| Mannarkkad | 25 | 24 | 5 | 11 | 96% |
| Alanallur | 5 | 5 | 1 | 3 | 100% |
| Edathanattukara | 4 | 4 | - | 2 | 100% |
| Kaithachira | 4 | 4 | - | 2 | 100% |
| Kandamangalam | 9 | 9 | 2 | 3 | 100% |
| Karapadam | 8 | 8 | 1 | 5 | 100% |
| Kottapuram | 5 | 5 | - | 2 | 100% |
| Mezhukumpara | 1 | 1 | - | 1 | 100% |
| Pullissery | 3 | 3 | - | 3 | 100% |
| Sreekrishnapuram | 11 | 11 | 3 | 7 | 100% |
| Thiruvizhamkunnu | 6 | 6 | - | 2 | 100% |
| **MELARCODE** | | | | | |
| Melarcode | 9 | 9 | 2 | 4 | 100% |
| Alathur | 4 | 4 | - | 2 | 100% |
| Chittilanchery | 11 | 11 | 1 | 6 | 100% |





| | | | | | |
|---|---|---|---|---|---|
| Nelliampathy | 1 | 1 | 1 | - | 100% |
| Nemmara | 6 | 6 | - | 4 | 100% |
| Pothundy | 7 | 7 | - | 1 | 100% |
| **OLAVAKODE** | | | | | |
| Olavakode | 23 | 19 | 1 | 6 | 82.6% |
| Akamalavaram | 2 | 2 | - | 1 | 100% |
| Dhoni | 5 | 5 | - | 2 | 100% |
| St.JudeMalampuzha | 9 | 8 | 3 | - | 88.8% |
| South Malampuzha | 1 | 1 | - | - | 100% |
| Maria Nagar Malampuzha | 3 | 3 | - | 1 | 100% |
| Mundur | 3 | 3 | 2 | - | 100% |
| Mylampully | 14 | 14 | 2 | 3 | 100% |
| Pulappatta | 10 | 10 | 4 | 5 | 100% |
| **OTTAPPALAM** | | | | | |
| Ottappalam | 12 | 12 | - | 6 | 100% |
| Alengad | 5 | 4 | - | 2 | 80% |
| Cherpulassery | 3 | 3 | - | 2 | 100% |
| Kadambur | 18 | 18 | 1 | 5 | 100% |
| Katambazhipuram | 8 | 8 | - | 5 | 100% |
| Keralassery | 4 | 4 | 1 | 1 | 100% |
| Koonathara | 10 | 10 | 1 | 3 | 100% |
| Kulakkattukurissi | 6 | 4 | - | - | 66.6% |
| Malayakam | 1 | 1 | - | 1 | 100% |
| Palappuram | 11 | 11 | 1 | 3 | 100% |
| Pattambi | 8 | 7 | - | 3 | 87.5% |
| Shornur | 12 | 11 | - | 2 | 91.66% |
| **PALAKKAD** | | | | | |
| Palakkad | 26 | 26 | 5 | 09 | 100% |
| Chandranagar | 12 | 12 | 1 | 11 | 100% |
| Kallepully | 5 | 5 | 1 | 2 | 100% |
| Kanjikode | 8 | 8 | 1 | 3 | 100% |
| Kodunthirapully | 6 | 5 | - | 1 | 83.3% |
| Palakkad Town | 16 | 16 | 1 | 8 | 100% |

| | | | | | |
|---|---|---|---|---|---|
| Walayar | 2 | 2 | 1 | - | 100% |
| Kallepully Semianry | 1 | 1 | 1 | - | 100% |
| Yakkara | 6 | 6 | - | 1 | 100% |
| **PONNAMKODE** | | | | | |
| Ponnamkode | 31 | 31 | 11 | 20 | 100% |
| Arappara | 8 | 8 | - | 4 | 100% |
| Chulliamkulam | 4 | 4 | 1 | - | 100% |
| Kalladikode | 16 | 16 | 1 | 11 | 100% |
| Karakurissi | 8 | 6 | 1 | 1 | 75% |
| Karimba | 15 | 15 | - | 6 | 100% |
| Niravu | 2 | 2 | - | - | 100% |
| Pombra | 4 | 4 | 2 | 2 | 100% |
| **THATHAMANGALAM** | | | | | |
| Thathamangalam | 5 | 5 | - | 3 | 100% |
| Chittur, Palakkad | 6 | 6 | 1 | 3 | 100% |
| Koduvayur | 5 | 5 | 2 | 3 | 100% |
| Kollengode | 7 | 6 | - | 3 | 85.7% |
| Kozhinjampara | 8 | 8 | - | 3 | 100% |
| Moochenkundu | 4 | 4 | - | 4 | 100% |
| Ambattupalayam | 4 | 4 | - | 1 | 100% |
| Paruthikkadu | 3 | 3 | - | - | 100% |
| **THAVALAM** | | | | | |
| Thavalam | 10 | 10 | 1 | 2 | 100% |
| Agali | 17 | 17 | 1 | 6 | 100% |
| Chittur, Attappady | 7 | 7 | 2 | 4 | 100% |
| Jellipara | 23 | 23 | 1 | 10 | 100% |
| Karara | 11 | 11 | 4 | 6 | 100% |
| Kottathara | 13 | 13 | - | 3 | 100% |
| Kuravanpady | 3 | 3 | - | - | 100% |
| Unnimala | 3 | 3 | - | 1 | 100% |
| Santhithadam | 1 | 1 | - | 1 | 100% |
| Sholayur | 2 | 2 | - | 2 | 100% |





| | | | | | |
|---|---|---|---|---|---|
| Thrithwamala | 10 | 9 | - | 3 | 90% |
| Vayalur | 2 | 2 | - | 1 | 100% |
| **VADAKKENCHERY** | | | | | |
| Vadakkenchery | 44 | 42 | 8 | 19 | 95.45% |
| Arogyapuram | 12 | 12 | 1 | 5 | 100% |
| Josegiri | 1 | 1 | - | 1 | 100% |
| Kannambra | 1 | 1 | - | - | 100% |
| Padur | 3 | 3 | 1 | 1 | 100% |
| Palakuzhy | 9 | 7 | 1 | 2 | 77.7% |
| Panamkutty | 2 | 2 | - | - | 100% |
| Panthalampadam | 8 | 8 | - | 2 | 100% |
| Pazhambalakode | 3 | 3 | - | 2 | 100% |
| Rajagiri | 16 | 15 | 1 | 12 | 93.75% |
| Thachanady | 2 | 2 | - | 1 | 100% |
| Vachanagiri | 7 | 7 | 2 | 3 | 100% |
| Valkulambu | 9 | 9 | 2 | 5 | 100% |
| **Salem** | 7 | 7 | - | 7 | 100% |

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ, വിശ്വാസപരിശീലനവേദി

## സ്റ്റാർസ്

Blogspot: starspalghat.blogspot.in

**സ്റ്റാർസ് ഇന്റൻസീവ് കോഴ്സസ്**
സ്റ്റാർസ് രണ്ടാംബാച്ചിനു രണ്ടുഘട്ടങ്ങളിലായിട്ടാണ് ഇന്റൻസീവ് കോഴ്സ് ക്രമീകരിച്ചിരിക്കുന്നത്. ആദ്യഘട്ടം മെയ് 5 മുതൽ 10 വരെയും രണ്ടാംഘട്ടം മെയ് 12 മുതൽ 17 വരെയുമാണ്.

**കോഴ്സുകൾ (രണ്ടുഘട്ടത്തിലും) ആരംഭദിനം രാവിലെ 9.30ന് ആരംഭിച്ച് അവസാനദിനത്തിൽ വൈകുന്നേരം 3.30ന് സമാപിക്കുന്നു.**

കൂടുതൽ വിവരങ്ങൾക്കും ഫോട്ടോസിനുമായി
www.starspalghat.blogspot.in സന്ദർശിക്കുക.

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ, സ്റ്റാർസ്

# ബൈബിൾ അപ്പോസ്തലേറ്റ്

Blogspot: bibleapostolatepalghat.blogspot.in

**ലോഗോസ് ക്വിസ് 2014**

ഈ വർഷത്തെ രൂപതാതല ലോഗോസ് ക്വിസ് സെപ്തംബർ 28-നും സംസ്ഥാനതല ലോഗോസ് ക്വിസ് നവംബർ 29-നും ആയിരിക്കും.

**പഠനഭാഗം**

ലേവ്യർ 15-27, ലൂക്കാ 13-24, യോഹന്നാൻ എഴുതിയ രണ്ടാം ലേഖനം

ലോഗോസ് ക്വിസിന്റെ രജിസ്ട്രേഷൻ ജൂൺ 1 ഞായറാഴ്ച ആരംഭിക്കുന്നതായിരിക്കും.

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ, ബൈബിൾ അപ്പസ്റ്റോലേറ്റ്

# അൾത്താരസംഘം

Blogspot: abapalghat.blogspot.in

**പ്രിയ അൾത്താരസംഘാംഗങ്ങളെ,**

അൾത്താരസംഘത്തിന്റെ 2014 പ്രവർത്തനവർഷം ഫെബ്രുവരി മാസം 8-ാം തിയ്യതി പാസ്റ്ററൽ സെന്ററിൽ വച്ച് ഉദ്ഘാടനം ചെയ്തതുവഴിയായി ആരംഭിച്ചല്ലോ. എല്ലാവിധ ആശംസകളും. അൾത്താരസംഘത്തിലേക്ക് പുതിയ അംഗങ്ങളെ ചേർക്കാൻ ആവശ്യമായതൊക്കെ ചെയ്യുവാൻ ആനിമേറ്റേഴ്സ് ശ്രദ്ധിക്കുക. പുതിയ അംഗങ്ങളെ ചേർക്കുമ്പോൾ നിയമാവലിയിൽ കൊടുത്തിരിക്കുന്നക്രമം ഉപയോഗിക്കുന്നത് ഉചിതമായിരിക്കും. യൂണിറ്റുകൾ ഇല്ലാത്ത ഇടവകകളിൽ യൂണിറ്റ് സ്ഥാപിക്കാൻ ശ്രദ്ധിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. ഇടവകയിൽ അൾത്താരസംഘം ഒരു കർമ്മപദ്ധതി തയ്യാറാക്കുന്നതും അതനുസരിച്ച് പ്രവർത്തിക്കുന്നതും പരിശീലനത്തിന്റെ ഭാഗമാണ്. രജിസ്ട്രേഷനുള്ള അവസാന തിയ്യതി ജൂൺ 30 ആയിരിക്കും.

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ, അൾത്താരസംഘം





# ചെറുപുഷ്പ മിഷൻ ലീഗ്

പ്രിയ കുഞ്ഞു മിഷനറിമാരെ,

ഉയിർപ്പിന്റെ ചൈതന്യത്തോടെ ഉണർവ്വോടെ സംഘടനാ പ്രവർത്തനങ്ങളെ ഊർജ്ജിതമാക്കാൻ സമയമായിരിക്കുന്നു. ഓരോ ശാഖയിലും നോമ്പുകാല പ്രവർത്തനങ്ങൾ സജീവമായി ചെയ്തിട്ടുണ്ടാകുമെന്നു കരുതുന്നു. തുടർന്നു സംഘടനയുടെ പരിപോഷണത്തിനുതകുന്ന പ്രവർത്തനങ്ങൾ ശാഖാമേഖല തലങ്ങളിൽ സംഘടിപ്പിക്കുമല്ലോ.

കഴിഞ്ഞ മാസം പൊന്നംകോട് മേഖലയിലാണ് വിശ്വാസപ്രമാണ ഫലക പ്രയാണം-"പ്രൊക്ലമാരെ" നടത്തപ്പെട്ടത്. വളരെ നല്ല രീതിയിൽ, ക്രമമായി പ്രയാണം സുഗമമായി നടത്തുന്നതിന് ക്രമീകരണങ്ങൾ ചെയ്ത മേഖലാ ശാഖാ ഡയറക്ടർമാർ, ഭാരവാഹികൾ, ആനിമേറ്റേഴ്സ് തുടങ്ങിയ എല്ലാവർക്കും രൂപതാ സമിതിയുടെ അഭിനന്ദനങ്ങൾ.

**ശാഖാ, മേഖലാ, രൂപതാ ഇലക്ഷൻ**

ഈ മാസം 20 നു മുൻപായി ശാഖാ തലത്തിലും ജൂൺ 2 ന് മുമ്പായി മേഖലാ തലത്തിലും ഇലക്ഷൻ നടത്തി ഭാരവാഹികളുടെ ലിസ്റ്റ് (ഡയറക്ടർ, വൈസ് ഡയറക്ടർ എന്നിവരുടേത് ഉൾപ്പെടെ) ഫോൺ നമ്പർ സഹിതം രൂപതാ കേന്ദ്രത്തിൽ എത്തിക്കാൻ ശ്രദ്ധിക്കുമല്ലോ.

തുടർന്നു വരുന്ന ജൂൺ 8-ാം തിയതി (രണ്ടാം ശനി) രൂപതാ തലത്തിലേക്ക് പുതിയ നേതൃത്വത്തെ തിരഞ്ഞെടുക്കുന്നതിനായി ഇലക്ഷൻ നടത്തപ്പെടുന്നതാണ്. അന്നേ ദിവസം മേഖലാ ഭാരവാഹികൾ ഡയറക്ടർമാർ, വൈസ് ഡയറക്ടർ എന്നിവർ മീറ്റിംഗിൽ സംബന്ധിക്കേണ്ടതാണ്. സംഘടനയുടെ ഊർജ്ജസ്വലവും സജീവവുമായ പ്രവർത്തനങ്ങൾക്ക് ഏവരുടെയും സഹായ സഹകരണങ്ങൾ പ്രതീക്ഷിക്കുന്നു. തുടർ പ്രവർത്തനങ്ങൾ താഴെ ചേർക്കുന്നു.

**മെയ് 1 വ്യാഴം :** തൊഴിലാളി ദിനം, തൊഴിലാളി മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ മാദ്ധ്യസ്ഥം യാചിക്കുക. വിവിധ മേഖലകളിൽ അദ്ധ്വാനിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുക.

**31 ശനി** : പ്രവർത്തനവർഷം അവസാനം, ശാഖ - മേഖല - രൂപത - സംസ്ഥാന - ദേശീയ - അന്തർദേശീയ പ്രവർത്തനങ്ങൾക്ക് അനുഗ്രഹം ചൊരിഞ്ഞ ദൈവത്തിന് നന്ദി അർപ്പിക്കുക.

**അനുബന്ധ പ്രവർത്തനങ്ങൾ**

**പ്രാർത്ഥനാനിയോഗം** : തൊഴിലാളികൾക്കുവേണ്ടിയും നവസന്യാസിനിമാർക്കുവേണ്ടിയും പ്രാർത്ഥിക്കുക.

**സുകൃതജപം** : വി. യൗസേപ്പിതാവേ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

**ഫാ. ജോജി വടക്കേക്കര**
ഡയറക്ടർ

## കെ. സി. വൈ. എം

**ഉണർവ്വ് 2014**

കെ.സി.വൈ.എം ന്റെ നേതൃനിരയെ വളർത്തിയെടുക്കുവാനും സജീവമാക്കുവാനുമായുള്ള ലീഡേഴ്സ് ട്രെയിനിംഗ് പ്രോഗ്രാം സോണുകളായി തിരിച്ച് നടത്തുന്നു. മെയ് 1-ാം തിയ്യതി മണ്ണാർക്കാട് മേഖലയിലും (കാഞ്ഞിരപ്പുഴ മണ്ണാർക്കാട്, പൊന്നംകോട്, താവളം ഫൊറോനകൾ), മെയ് 4-ാം തിയ്യതി വടക്കഞ്ചേരി മേഖലയിലും വടക്കുഞ്ചേരി, മംഗലംഡാം, മേലാർകോട് ഫൊറോനകൾ) ഉണർവ് നടത്തപ്പെടുന്നു. പ്രസ്തുത പരിപാടിയിൽ അതാത് ഫൊറോനകളിലേയും യൂണിറ്റുകളിലേയും 5 ഭാരവാഹികളും ആനിമേറ്ററും പങ്കെടുക്കേണ്ടതാണ്.

**'അഗാധ' ക്വിസ് മത്സരം**

യുവജന മതബോധന ഗ്രന്ഥമായ Youcat നെയും കേരളത്തിലെ കത്തോലിക്ക യുവജനങ്ങളുടെ താങ്ങും തണലുമായി പ്രവർത്തിക്കുന്ന കെ.സി. വൈ.എം.നെയും അടുത്തറിയുവാൻ പാലക്കാട് രൂപതാ സമിതി ഒരുക്കുന്ന ക്വിസ് മത്സരം 'അഗാധ' ജൂൺ 29-ാം തിയ്യതി പാസ്റ്ററൽ സെന്ററിൽ വെച്ച് നടക്കുന്നു. അങ്ങയുടെ യൂണിറ്റിലെ ടീമുകളെ ഇതിനായി ഒരുക്കാൻ പരിശ്രമിക്കുമല്ലോ.

**അഫിലിയേഷൻ**

കെ.സി.വൈ.എം. ന്റെ 2014 പ്രവർത്തനവർഷത്തേക്കുള്ള അഫിലിയേഷൻ നടപടികൾ ആരംഭിച്ചിരിക്കുന്നു. അങ്ങയുടെ യൂണിറ്റിലെ പുതിയതായി ചേർന്ന അംഗങ്ങളുടെ ഫോമും ഭാരവാഹികളുടെ വിവരങ്ങളും നിശ്ചയിക്കപ്പെട്ടിട്ടുള്ള അഫിലിയേഷൻ ഫീസോടൊപ്പം രൂപതാ ഓഫീസിൽ ജൂൺ 15 ന് മുൻപായി എത്തിച്ചാൽ മാത്രമേ അഫിലിയേഷൻ പൂർത്തിയാകുകയുള്ളൂ. ജൂൺ 15 ന് ശേഷമുള്ള എൻട്രികൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. 2013 വരെ കെ.സി.വൈ.എം രൂപതാ ഓഫീസിൽ അങ്ങയുടെ യൂണിറ്റിൽ നിന്നും രജിസ്റ്റർ ചെയ്തിട്ടുള്ള അംഗങ്ങളുടെ പേരുവിവരം





തിരികെ നൽകിയിട്ടുണ്ട്. ഈ ലിസ്റ്റിൽ ഏതെങ്കിലും തിരുത്തലുകൾ (പുതിയ അംഗങ്ങളുടെ കൂട്ടിച്ചേർക്കൽ/യൂണിറ്റിൽ നിന്നും അംഗത്വം ഇല്ലാതാകുക/പ്രായപരിധി കഴിഞ്ഞവർ, വിവാഹം/മരണം/ ഇടവക മാറുന്നവർ) ഉണ്ടെങ്കിൽ ആ വിവരങ്ങൾ ഡയറക്ടറച്ചന്റെ ഒപ്പും ഓഫീസ് സീലും സഹിതം രൂപത ഓഫീസിൽ എത്തിക്കണം. ഇങ്ങനെ അഫിലിയേഷൻ നടത്താത്തതോ പുതുക്കാത്തതോ ആയ യൂണിറ്റുകൾക്ക് കെ.സി. വൈ.എം എന്ന പേരിൽ പ്രവർത്തിക്കാൻ സാധിക്കില്ല എന്നതും മേൽഘടകങ്ങളുടെ പരിപാടികളിൽ സംബന്ധിക്കാൻ അനുവദിക്കുന്നതല്ല എന്ന വിവരവും അറിയിക്കുന്നു.

**രൂപത ഓഡിറ്റർ**

2014 വർഷത്തിലെ രൂപതാ ഓഡിറ്റർമാരായി Rony Kunnathoor, Glodin Jose എന്നിവരെ തിരഞ്ഞെടുത്തിരിക്കുന്നു.

**സ്പെഷ്യൽ സെനറ്റ്**

'ക്രൈസ്തവയുവതയും കുടുംബഭദ്രതയും' എന്ന പഠന പ്രവർത്തനവിഷയത്തെ ആസ്പദമാക്കിയുള്ള 2014 പ്രവർത്തനവർഷ ഉദ്ഘാടനവും കർമ്മപദ്ധതിയായ 'സ്നേഹവീടി'ന്റെ പ്രകാശനവും മാർച്ച് 22-ാം തിയ്യതി പാസ്റ്ററൽ സെന്ററിൽ വെച്ച് അഭിവന്ദ്യ മാർ ജേക്കബ് മനത്തോടത്ത് പിതാവ് നിർവ്വഹിച്ചു. സെനറ്റിൽ 125 ഓളം യുവജന നേതാക്കൾ പങ്കെടുത്തു. ഫാ. ജെസ്റ്റിൻ MCBS ക്ലാസ്സുകൾ നയിച്ചു. പൊതുസമ്മേളനത്തിന് രൂപത പ്രസിഡന്റ് ശ്രീ. ഷിജു കുര്യൻ അധ്യക്ഷത വഹിച്ചു. ഡയറക്ടർ ഫാ. ടോം ജി വടക്കേക്കര ആമുഖപ്രഭാഷണം നടത്തി. അസി. ഡയറക്ടർ ഫാ. സീജോ കാരിക്കാട്ടിൽ ആനിമേറ്റർ സി. ആൻഗ്രേസ് CHF, മുൻ രൂപതാ പ്രസിഡന്റ് ശ്രീ. ജോജി പാറയ്ക്കൽ, സംസ്ഥാന സിൻഡിക്കേറ്റ് അംഗം കുമാരി ക്രിസ്റ്റി മാത്യു എന്നിവർ ആശംസകളർപ്പിച്ചു സംസാരിച്ചു. ജനറൽ സെക്രട്ടറി ശ്രീ. എബിൻ കണിവയലിൽ സ്വാഗതവും ട്രഷറർ ശ്രീ. ജൂബിൻ ജോസ് നന്ദിയും രേഖപ്പെടുത്തി. രൂപതാ ജനറൽ സെക്രട്ടറി ശ്രീ. എബിൻ കണിവയലിൽ കർമ്മപദ്ധയായ ' സ്നേഹവീട്' ന്റെ വിവരണം നടത്തി.

**കരിയർ ഗൈഡൻസ് സെമിനാർ**

ജീവിതത്തിൽ പുതിയ വിദ്യാഭ്യാസ മേഖലകൾ തിരഞ്ഞെടുക്കാനായി ബുദ്ധിമുട്ടുന്ന വിദ്യാർത്ഥികൾക്കായി കെ.സി.വൈ.എം. പാലക്കാട് രൂപത സമിതിയും അഹല്ല്യ കോളേജും ചേർന്ന് കരിയർ ഗൈഡൻസ് സെമിനാർ നടത്തി. രൂപത വികാരി ജനറാൾ മോൺ. ജോസഫ് ചിറ്റിലപ്പള്ളി ഉദ്ഘാടനം നിർവ്വഹിച്ചു. പ്രശസ്ത കരിയർ ഗുരു ശ്രീ. എം.എസ്. ജലീൽ സെമിനാറിന് നേതൃത്വം നൽകി. രൂപതാ പ്രസിഡന്റ് ശ്രീ. ഷിജു കുര്യൻ അധ്യക്ഷത വഹിച്ച സമ്മേളനത്തിന് ഡയറക്ടർ ഫാ. ടോം ജി വടക്കേക്കര ആമുഖ പ്രഭാഷണം നടത്തി. അഹല്ല്യ കോളേജ് ഡയറക്ടർ ഡോ. ശങ്കരൻകുട്ടി ആശംസയർപ്പിച്ചു. സംസാരിച്ചു. ജനറൽ സെക്രട്ടറി ശ്രീ. എബിൻ

കണിവയലിൻ സ്വാഗതവും കൺവീനർ ശ്രീ. അനൂപ് എം.പി. നന്ദിയും രേഖപ്പെടുത്തി. സെമിനാറിൽ വെച്ച് വിദ്യാർത്ഥികൾക്ക് വിവിധ കോളേജുകളെ പരിചയപ്പെടുത്തി മാർച്ച് 28-ാം തിയ്യതി സെന്റ് റാഫേൽസ് കത്തീഡ്രൽ സ്കൂൾ ഓഡിറ്റോറിയത്തിൽ വെച്ചു നടന്ന സെമിനാറിൽ 150 ഓളം വിദ്യാർത്ഥികൾ പങ്കെടുത്തു.

**ഉണർവ്വ് 2014, പാലക്കാട് സോൺ**

കെ.സി.വൈ.എം നടത്തുന്ന 'ലീഡേഴ്സ് ട്രെയിനിംഗ് പ്രോഗ്രാം' ഉണർവ്വ് 2014 പലക്കാട് സോണിൽ ഏപ്രിൽ 6-ാം തിയ്യതി സെന്റ് റാഫേൽസ് കത്തീഡ്രൽ സ്കൂൾ ഓഡിറ്റോറിയത്തിൽ വെച്ചു നടന്നു. പാലക്കാട്, ഒലവക്കോട്, ഒറ്റപ്പാലം, തത്തമംഗലം ഫൊറോനകളിൽ നിന്നുമായി 50 ഓളം യുവജനനേതാക്കൾ പങ്കെടുത്തു. ഹൈക്കോടതിയിലെ അഭിഭാഷകനായ അഡ്വ. ഫിജോ പ്രോഗ്രാമിന് നേതൃത്വം നൽകി. രൂപത ഡയറക്ടർ ഫാ. ടോം ജി വടക്കേക്കര സ്വാഗതം ആശംസിച്ചു. പ്രസിഡന്റ് ശ്രീ. ഷിജു കുര്യൻ അധ്യക്ഷനായിരുന്നു. ജനറൽ സെക്രട്ടറി ശ്രീ. എബിൻ കണിവയലിൽ വിഷയാവതരണം നടത്തി. ട്രഷറർ ശ്രീ. ജുബിൻ ജോസ് നന്ദി രേഖപ്പെടുത്തി. രൂപത സെക്രട്ടറിയേറ്റ് അംഗങ്ങളുടെ നേതൃത്വത്തിൽ ഫൊറോനകൾ തിരിച്ച് ചർച്ചകൾ നടത്തി. രാവിലെ 9.30 മണിയോടെ ആരംഭിച്ച സെമിനാർ വൈകിട്ട് 4.00 മണിയോടെ അവസാനിച്ചു.

**ENCOUNTER**

നോമ്പുകാല ചിന്തകൾക്കും പ്രാർത്ഥനകൾക്കുമായി കെ.സി.വൈ.എം യുവജനങ്ങൾ ENCOUNTERലൂടെ ഒത്തുചേർന്നു. യുവജനങ്ങൾക്കായുള്ള പ്രത്യേക പ്രാർത്ഥന,ആരാധന, ധ്യാനം,കുമ്പസാരം, കുരിശിന്റെ വഴി തുടങ്ങിയവ ENCOUNTERനെ സജീവമാക്കി. ഏപ്രിൽ 15-ാം തിയ്യതി ചൊവ്വാഴ്ച രാവിലെ 9.30 മണിക്ക് ധോണി പള്ളിയിൽ വെച്ച് ആരംഭിച്ച ENCOUNTER വൈകുന്നേരം 4. മണിയോടെ സമാപിച്ചു. 120 ഓളം അംഗങ്ങൾ, പങ്കെടുത്തു. ബ്ര. വർഗ്ഗീസ്, ഫാ. അരുൺ കലമറ്റത്തിൽ, ഫാ. ജെയ്മോൻ പള്ളിനീരാക്കൽ, ഫാ.ടോം ജി വടക്കേക്കര, ഫാ. സീജോ കാരിക്കാട്ടിൽ, ഫാ. ആന്റോ കീറ്റിക്കൽ എന്നിവർ നേതൃത്വം നൽകി. ഒലവക്കോട് ഫൊറോന പ്രസിഡന്റ് ശ്രീ. മനു തോമസ് സ്വാഗതവും രൂപ പ്രസിഡന്റ് ശ്രീ. ഷിജു കുര്യൻ നന്ദിയും രേഖപ്പെടുത്തി. ആതിഥേയത്വം വഹിച്ച ധോണി യൂണിറ്റിന് പ്രത്യേകം നന്ദി.

**സ്വാഗതം**

കെ.സി.വൈ.എം.ന്റെ 2014 പ്രവർത്തന വർഷത്തിൽ റീജന്റായി സേവനം അനുഷ്ഠിക്കാൻ എത്തിയിരിക്കുന്ന ബഹു. ബ്ര. ജിതിൻ ചെറുവത്തൂരിന് കെ.സി വൈ.എം. കുടുംബത്തിലേയ്ക്ക് ഹാർദ്ദവമായ സ്വാഗതം.





**നന്ദി**

കെ.സി.വൈ.എമ്മിൽ കഴിഞ്ഞ ഒരു വർഷകാലം റീജന്റായി സേവനം അനുഷ്ഠിച്ച ബ്ര. ക്രിസ്റ്റോ കല്ലുവേലിക്ക് കെ.സി. വൈ.എം. പ്രസ്ഥാനത്തിന്റെ ഒരായിരം നന്ദിയും തുടർന്നുള്ള ജീവിത മേഖലകളിൽ എല്ലാവിധ വിജയാശംസകളും നേർന്നു കൊള്ളുന്നു.

**ഫാ. ടോം ജി. വടക്കേക്കര**
ഡയറക്ടർ

## സി. എൽ. സി

പ്രിയ സി.എൽ.സി. അംഗങ്ങളെ,

കഴിഞ്ഞ രണ്ടുവർഷത്തോളമായി സി.എൽ.സി.യുടെ നേതൃത്വം ഏറ്റെടുത്ത് പാലക്കാട് രൂപതാ സി.എൽ.സി.യെ മുന്നോട്ടുനയിച്ച ഫാ. മാർട്ടിൻ കളമ്പാടനച്ചനെ നന്ദിയോടെ അനുസ്മരിക്കുന്നു. ഇത്രയും നാൾ നമ്മളെ നയിക്കുകയും വളർത്തുകയും ചെയ്ത മാർട്ടിനച്ചനെ എല്ലാ സി.എൽ.സി. അംഗങ്ങളുടെ പേരിലും നന്ദി അറിയിക്കുന്നു. ഒപ്പം തുടർന്നുള്ള അദ്ദേഹത്തിന്റെ പൗരോഹിത്യ ജീവിതത്തിന് എല്ലാ ആശംസകളും നേരുന്നു.

സി.എൽ.സി.യുടെ ഡയറക്ടറായി സ്ഥാനമേറ്റെടുത്ത ഫാ. തോം കിഴക്കേടത്തിന് എല്ലാ സി.എൽ.സി.യുടെ പേരിലും ഹൃദയപൂർവ്വം സ്വാഗതം ചെയ്യുകയും അദ്ദേഹത്തിന് എല്ലാവിധ ആശംസകൾ നേരുകയും ചെയ്യുന്നു.

**ഫാ. തോം കിഴക്കേടത്ത്**
സി.എൽ.സി ഡയറക്ടർ

## ഫാമിലി അപ്പോസ്തലേറ്റ്

**മെയ് മാസങ്ങളിലെ ഹോം മിഷൻ നടക്കേണ്ട ഇടവകകൾ**

| | | |
|---|---|---|
| മെയ് 21 - 26 | : | തത്തമംഗലം |
| മെയ് 29 - ജൂൺ 22 | : | പൊന്നംങ്കോട് |

| | | |
|---|---|---|
| മെയ് 5 – 14 | : | പുലാപറ്റ |
| മെയ് 17 – ജൂൺ 6 | : | പാലക്കയം |
| മെയ് 13 – 25 | : | ആരോഗ്യപുരം |
| മെയ് 28 – ജൂൺ 1 | : | കാഞ്ഞിരപ്പുഴ ഡാം |

**പ്രീകാന കോഴ്സ്**

**മെയ്** മാസത്തിലെ പ്രീകാന കോഴ്സ് **5,6,7,8** തിയ്യതികളിലും **ജൂൺ** മാസത്തിലെ പ്രീകാന കോഴ്സ് **2,3,4,5** തീയതികളിലും മുണ്ടൂർ യുവക്ഷേത്രയിൽവച്ച് നടത്തപ്പെടുന്നു. കോഴ്സിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കന്മാർക്കായി വ്യാഴാഴ്ച 9.30ന് സജ്ജമാക്കിയിരിക്കുന്ന ക്ലാസ്സിൽ അവർ നിർബന്ധമായും പങ്കെടുത്തിരിക്കണം.

പ്രീകാനയുടെ ദിവസങ്ങളിൽ മനസമ്മതം ക്രമീകരിക്കുന്നതും കോഴ്സു കഴിയുന്നതിനുമുമ്പ് പറഞ്ഞുവിടേണ്ടിവരുന്നതും ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. അതുകൊണ്ടു വികാരിയച്ചന്മാർ ഇതു പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**
ഡയറക്ടർ, ഫാമിലി അപ്പോസ്റ്റലേറ്റ്.




**ധ്യാനങ്ങൾ**

| മാസം | തീയതി | ധ്യാനം നയിക്കുന്നത് |
|---|---|---|
| മെയ് | 4–9 | വൈദികരുടെ ധ്യാനം |
| | | ഫാ. സേവ്യർ ഖാൻ വട്ടായിൽ |
| മെയ് | 11–16 | സിസ്റ്റേഴ്സിന്റെ ധ്യാനം |
| | | ഫാ. ബിനോയ് കരിമരുതിങ്കൽ |
| മെയ് | 18–23 | ആന്തരികസൗഖ്യ ധ്യാനം |
| | | ഫാ. ബിനോയ് കരിമരുതിങ്കൽ |
| മെയ് | 25–30 | ആന്തരികസൗഖ്യ ധ്യാനം |
| | | ഫാ. സാജു ഇലഞ്ഞിയിൽ |





സീറ്റുകൾ ബുക്കുചെയ്യുന്നത് ഓൺലൈനിലൂടെ മാത്രം. എല്ലാമാസത്തിന്റെയും ഒന്നാം തീയതി (ഞായർ ഒഴികെ) രാവിലെ 10 മണിക്ക് ബുക്കിംഗ് ആരംഭിക്കും. address: www sehion.in ഫോൺ : 04924 – 327710.

**സെഹിയോൻ കൺവെൻഷൻ**

മെയ് 18 പാലക്കാട് ഏകദിന ബൈബിൾ കൺവെൻഷൻ മുൻസിപ്പൽ ടൗൺഹാളിൽ രാവിലെ 9.30 മുതൽ വൈകുന്നേരം 4.00 വരെ.

**സെഹിയോൻ വെബ് ലൈവ്**

സെഹിയോൻ ധ്യാനം കേന്ദ്രം വെബ്ബിലൂടെ ശുശ്രൂഷകൾ ആരംഭിച്ചിരിക്കുന്നു. എല്ലാ ആദ്യ ശനിയാഴ്ചയും രാവിലെ 10 മുതൽ ഉച്ചക്ക് 1 മണിവരെ ശുശ്രൂഷകൾ നടത്തപ്പെടുന്നു. address: www sehion.org/ web TV

**സെഹിയോൻ റേഡിയോ**

24 മണിക്കൂറും ദൈവവചനവും സഭാത്മക ശുശ്രൂഷയും ഈ റേഡിയോയിലൂടെ ലഭ്യമാണ്. ഇന്റർനെറ്റ് സൗകര്യമുള്ള മൊബൈൽ ഫോണുകളിലും ഈ റേഡിയോ ലഭ്യമാണ്. address: www sehionradio.org

**സെഹിയോൻ മൊബൈൽ ആപ്ലിക്കേഷൻ**

ഈ ആപ്ലിക്കേഷൻ ഇന്റർനെറ്റ് കണക്ഷനുള്ള എല്ലാ ഫോണുകളിലും റൺ ചെയ്യുന്നതാണ്. ആൻഡ്രോയ്ഡ് സ്റ്റോർ, ഐഫോൺസ്റ്റോർ എന്നിവയിൽ ഈ ആപ്ലിക്കേഷൻ ലഭ്യമാണ്. കൂടാതെ **www.sehion.org/m** എന്ന അഡ്രസ്സിലും ലഭ്യമാണ്. സെഹിയോൻ ശുശ്രൂഷകളും സഭാത്മക ശുശ്രൂഷകളും സെഹിയോൻ വീഡിയോ ഓഡിയോ പ്രോഗ്രാമുകളും ഇതിലൂടെ ലഭ്യമാണ്.

**ഫാ. സേവ്യർഖാൻ വട്ടായിൽ.**
ഡയറക്ടർ, സെഹിയോൻ മിനിസ്ട്രീസ്

## പി. എസ്. എസ്. പി.

**ജില്ലാ വിമൻസ് ഫെഡ് മീറ്റിംഗ്**

13.5.14 ചൊവ്വാഴ്ച കാലത്ത് 11 മണിക്ക് പി.എസ്.എസ്.പി ഓഫീസിൽ വച്ച് നടത്തപ്പെടുന്നു.

**ബ്ലോക്ക് ഫെഡ് മീറ്റിങ്ങുകൾ**

| തിയതി | ദിവസം | ബ്ലോക്ക് | സ്ഥലം | സമയം |
|---|---|---|---|---|
| 8.5.14 | വ്യാഴം | ശ്രീകൃഷ്ണപുരം | ചെട്ടിയങ്ങാടി | 10am |
| 9.5.14 | വെള്ളി | കുഴൽമന്ദം | മാത്തൂർ | 10am |
| 12.5.14 | തിങ്കൾ | പാലക്കാട്/മലമ്പുഴ | PSSP | 10am |
| 14.5.14 | ബുധൻ | മണ്ണാർക്കാട് | പിച്ചളമുണ്ടസമാജം | 10am |
| 19.5.14 | തിങ്കൾ | അട്ടപ്പാടി റീജിയണൽ ഓഫീസ് | ഗൂളിക്കടവ് | 10am |
| 21.5.14 | ബുധൻ | നെന്മാറ | പാരിഷ് ഹാൾ | 10am |
| 28.5.14 | ബുധൻ | ആലത്തൂർ | F.C.C.വടക്കുഞ്ചേരി | 10am |

**റീജിയണൽ ഓഫീസ് ദിവസങ്ങൾ**

| തിയതി | ദിവസം | സ്ഥലം | സമയം |
|---|---|---|---|
| 15.5.14 | വ്യാഴം | കരിമ്പപാരിഷ്ഹാൾ | 11.00am to 2.00 Pm |
| 19.5.14 | തിങ്കൾ | റീജിയണൽ ഓഫീസ് ഗൂളിക്കടവ് | 11.00am to 2.00 Pm |
| 20.5.14 | ചൊവ്വ | സാൻഞ്ചോ ടവ്വർ പാലക്കാട് | 11.00am to 2.00 Pm |
| 21.5.14 | ബുധൻ | നെന്മാറപാരിഷ് ഹാൾ | 11.00am to 2.00 Pm |
| 26.5.14 | തിങ്കൾ | പൊരിയാനി, മുണ്ടൂർ | 11.00am to 2.00 Pm |
| 28.5.14 | ബുധൻ | F.C.C.വടക്കുഞ്ചേരി | 11.00am to 2.00 Pm |

**പഠനയാത്ര**

ജില്ലാ വിമൻസ് ഫെഡ് അംഗങ്ങൾ മെയ് 3-ാം തിയതി ശനിയാഴ്ച തിരുവനന്തപുരത്തേയ്ക്ക് ഒരു പഠന യാത്ര നടത്തുന്നു.

**നബാർഡ് വനിതാ സ്വയം സഹായസംഘങ്ങൾ**

നബാർഡിന്റെ സഹായത്തോടെ ജില്ലയിൽ പി.എസ്.എസ്.പി. 500 വനിതാ





സ്വയം സഹായ സംഘങ്ങൾ ആരംഭിച്ചു. എല്ലാ സംഘങ്ങളേയും വിവിധ ബാങ്കുകളുമായി ബന്ധിപ്പിച്ച് വായ്പ തരപ്പെടുത്തി നൽകി വരുന്നു. ഇതുവരെ 250 ഗ്രൂപ്പുകൾക്ക് 3 കോടി രൂപ വായ്പ നൽകി. വായ്പ കൃത്യമായി തിരിച്ചടവ് നടത്തിവരുന്നു. ജില്ലയിൽ 250 പുതിയ ഗ്രൂപ്പുകൾ കൂടി ആരംഭിക്കുവാൻ അനുവാദം ലഭിച്ചിട്ടുണ്ട്. തുടങ്ങുവാൻ ആഗ്രഹിക്കുന്നവർ പി.എസ്.എസ്.പി ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

| | |
|---|---|
| ഫോൺ കോഡിനേറ്റർ | - 9947852087 |
| ആലത്തൂർ നെന്മാറ, ബ്ലോക്ക് | - 8281959161,9946369463 |
| കുഴൽമന്ദം, ചിറ്റൂർ കൊല്ലങ്കോട് ബ്ലോക്ക് | - 8592937501 |
| പാലക്കാട്, മലമ്പുഴ, ഒറ്റപ്പാലം ബ്ലോക്ക്, തൃത്താല | - 9895074386,9605959099 |
| മണ്ണാർക്കാട്, ശ്രീകൃഷ്ണപുരം ബ്ലോക്ക് | - 9946743037,9400408159 |
| അട്ടപ്പാടി ബ്ലോക്ക് | - 9526911581 |

**മൈനോരിറ്റി ഗ്രൂപ്പുകൾ**

പിന്നോക്ക വിഭാഗ വികസന കോർപറേഷന്റെ വായ്പാ സഹായങ്ങൾ പി.എസ്.എസ്. പി. വഴി ലഭ്യമാക്കുവാൻ വേണ്ടി ഇവരുടെ ഗ്രൂപ്പുകൾ പി.എസ്.എസ്.പി യുടെ സഹായത്തോടെ ആരംഭിക്കുന്നു. (കൃസ്ത്യൻ, മുസ്ലീം, ഒ.ബി.സി) ആരംഭിക്കുവാൻ താല്പര്യമുള്ളവർ പി.എസ്.എസ്.പി. ഓഫീസുമായി ബന്ധപ്പെടുക.

Save A Family Plan (SAFP)

സേവ് എ ഫാമിലി പ്ലാൻ പദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പിനായി SAFP ഇന്ത്യാ ഓഫീസിൽ നിന്നും താഴെ പറയുന്ന സംവിധാനങ്ങൾ ശക്തിപ്പെടുത്തുവാൻ ആവശ്യപ്പെട്ടിരിക്കുന്നു.

1. Family Facilitation Team (FFT)

സേവ് എ ഫാമിലി പ്രവർത്തനങ്ങൾക്ക് രൂപതാതലത്തിൽ നേതൃത്വം നൽകുന്ന ടീം ആണ് FFT. ഇതിൽ രൂപതാ സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ, അസി. ഡയറക്ടർ, പ്രോജക്ട് ഓഫീസർ, കോർഡിനേറ്റർ, 3 റീജിയണുകളിലേയും ആനിമേറ്റർമാർ, അക്കൗണ്ടന്റ് എന്നിവർ ഉൾപ്പെടുന്നു. ഈ ടീമിന്റെ മീറ്റിംഗുകൾ ഓരോ മാസവും PSSP യിൽ വെച്ച് ഡയറക്ടറുടെ നേതൃത്വത്തിൽ നടത്തുകയും 3

റീജിയണുകളിലെയും SAFP പ്രവർത്തനങ്ങളെ വിലയിരുത്തുകയും നിർദ്ദേശങ്ങൾ നൽകുകയും റിപ്പോർട്ട് SAFP ഓഫീസിലേക്ക് നൽകുകയും ചെയ്തു വരുന്നു.

2. Family Action Team (FAT)

സേവ് എ ഫാമിലിയുടെ 3 റീജിയണുകളിലുമുള്ള ഓരോ സെന്ററിലെയും കുടുംബങ്ങളെ സേവ് എ ഫാമിലി സഹായത്തിനു പുറമേ സർക്കാർ / സർക്കാരിതര സഹായ പദ്ധതികൾ ലഭിക്കുന്നതിന് നേതൃത്വം നൽകേണ്ടവരാണ് FAT. ഈ ടീമിൽ സെന്ററിലെ (ഇടവക) വികാരിയച്ചൻ, ലോക്കൽ സ്പോൺസർ (മദർ സുപ്പീരിയർ), PSSP നിയമിച്ചിട്ടുള്ള റീജിയണൽ ആനിമേറ്റർ, കുടുംബങ്ങളുൾപ്പെടുന്ന വാർഡിന്റെ മെമ്പർമാർ, SHG ലീഡർ, 2 പ്രതിനിധികൾ (Eg: ഏരിയ അംഗൻവാടി ടീച്ചർ, ഹെൽത്ത് സെന്ററിലെ നഴ്സ്, പള്ളിയിലെ കൈകാരൻമാർ, etc) എന്നിവർ ഉൾപ്പെടുന്നു.

2014 2015 വർഷം മുതൽ ഓരോ സെന്ററിലെയും FAT മീറ്റിംഗ് വർഷത്തിൽ 2 പ്രാവശ്യമെങ്കിലും നടത്തി റിപ്പോർട്ട് സേവ് എ ഫാമിലി ഓഫീസിലേക്ക് നൽകേണ്ടതാണ്. FAT മീറ്റിംഗ് നടക്കാത്ത സെന്ററുകളിലേക്ക് ലഭിക്കുന്ന നിലവിലുള്ള ധനസഹായവും പുതിയ കുടുംബങ്ങളുടെ തിരഞ്ഞെടുപ്പും ഇനിമേലിൽ അസാദ്ധ്യമാണ്.

**3. FAT മീറ്റിംഗ് ഉദ്ദേശ്യങ്ങൾ:**

1. സേവ് എ ഫാമിലി സഹായത്തിനു പുറമെ ഏതെല്ലാം വിധത്തിൽ ഓരോ കുടുംബത്തിനും സഹായം ലഭ്യമാക്കാൻ സാധിക്കും.
2. പഞ്ചായത്തിൽ നിന്നും ഇതര ഗവൺമെന്റ് സംവിധാനങ്ങൾ വഴിയും ലഭിക്കാൻ സാദ്ധ്യതയുള്ള സഹായങ്ങൾ വിലയിരുത്തി ലഭ്യമാക്കുവാൻ സഹായിക്കുക.
3. ലോക്കൽ ആയി (പള്ളി, വ്യക്തികൾ) ലഭിക്കുവാൻ സാദ്ധ്യതയുള്ള സഹായങ്ങൾ ഏതെല്ലാം.
4. സെന്ററിലുള്ള കുടുംബങ്ങളുടെ പ്രശ്നങ്ങളും അവരുടെ പ്രോഗ്രസ്സ് റിപ്പോർട്ടും ആനിമേറ്റർ വഴി വിലയിരുത്തുക.
5. ബെനഫാക്ടർമാർക്കുള്ള കത്ത്
6. പുതിയ കുടുംബങ്ങളുടെ തെരഞ്ഞെടുപ്പ്.





**പുതിയ കുടുംബങ്ങളുടെ തെരഞ്ഞെടുപ്പ് :** 2014 വർഷത്തിലേക്ക് പുതിയ Save A Family കുടുംബങ്ങൾ തിരഞ്ഞെടുക്കുവാനുള്ള അനുമതി സേവ് എ ഫാമിലി ഓഫീസിൽ നിന്നും അറിയിച്ചിട്ടുണ്ട്. ആലത്തൂർ റീജിയൺ കേന്ദ്രീകരിച്ചിട്ടുള്ള വടക്കഞ്ചേരി, കിഴക്കഞ്ചേരി, മേലാർക്കോട് എന്നീ പഞ്ചായത്തുകളുടെ പരിധികളിൽ നിന്നും വരുന്ന ഇടവകകളും സ്വയം സഹായസംഘങ്ങളും വഴിയാണ് പുതിയ കുടുംബങ്ങളെ തിരഞ്ഞെടുക്കുന്നത്.

**പുതിയ കുടുംബങ്ങളെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ:**

13 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളുള്ള കുടുംബം, പ്രത്യക്ഷത്തിൽ ദാരിദ്ര്യം ഉള്ള കുടുംബം. ഇത്തരം കുടുംബങ്ങളെ കണ്ടെത്തുവാൻ താഴെ കൊടുത്തിരിക്കുന്ന 9 മാദണ്ഡങ്ങളിൽ 6 എണ്ണമെങ്കിലും തെരഞ്ഞെടുക്കപ്പെടുന്ന കുടുംബങ്ങളിൽ ഉണ്ടായിരിക്കേണ്ടതാണ്.

1. വാസയോഗ്യമല്ലാത്ത വീടുള്ളവർ
2. വിധവകളും, ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ടവരും
3. കുടുംബങ്ങളിൽ ആർക്കെങ്കിലും മാനസികമോ, ശാരീരികമോ ആയ വൈകല്യം
4. മാറാരോഗങ്ങൾക്ക് അടിമപ്പെട്ട കുടുംബനാഥനോ, നാഥയോ
5. സ്വന്തമായി ഭൂമി ഇല്ലാത്തവരോ, 5 സെന്റിൽ താഴെ മാത്രം ഭൂമി ഉള്ളവരോ
6. കുടുംബത്തിന്റെ വാർഷിക വരുമാനം 30,000/ രൂപയിൽ കൂടാത്തവർ
7. ശുദ്ധജലദൗർബല്യമുള്ളവർ
8. ആരോഗ്യകരമായ കക്കൂസ് സൗകര്യം ലഭ്യമല്ലാത്തവർ
9. വരുമാനമുള്ള വ്യക്തി ഇല്ലാത്ത കുടുംബം

**അതിവിശിഷ്ടമായ ചക്ക നശിപ്പിക്കുകയോ?**

സഹ്യമലനിരകളിൽ നിന്നും ലോകത്തിനു ലഭിച്ചതും പ്രകൃതിയിലെ ഏറ്റവും വലിപ്പമുള്ളതുമായ ഫലമാണല്ലോ ചക്ക. ഇതു നമ്മുടെ പൂർവ്വികരുടെ ഭക്ഷണക്രമത്തിന്റെ അവിഭാജ്യഘടകമായിരുന്നു. അതുകൊണ്ടുതന്നെ 20-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധം വരെ ലോകത്തിലെ ഏറ്റവും ആരോഗ്യമുള്ള ജനസമൂഹം ദക്ഷിണേന്ത്യക്കാരായിരുന്നു. ആധുനികവത്കരണവും നഗരകുടിയേറ്റവും ഫാസ്റ്റ് ഫുഡും ജീവിതശൈലീ രോഗങ്ങളുടെ ഈറ്റില്ലമായി നമ്മുടെ നാടിനെ മാറ്റി. ചക്കയുടെ പോഷകമൂല്യം

തിരിച്ചറിഞ്ഞ വിദേശികളുടെയും ഉപരിവർക്ഷത്തിന്റെയും ഭക്ഷണക്രമ ത്തിലേക്ക് ചക്ക വിഭവങ്ങൾ സ്ഥാനം പിടിച്ചത് പഞ്ചനക്ഷത്ര ഹോട്ടലുകളിലെ മെനുകാർഡിലൂടെ ആണെങ്കിലും അതീവ ശ്രദ്ധയോടെ പരിഗണിക്കേണ്ട ഒരു കാര്യമാണിത്. കേരളത്തിൽ സുലഭമായി വിളയുന്ന ചക്കയുടെ സിംഹഭാഗവും നഷ്ടപ്പെടുത്തിക്കളയുന്ന ഒരു പ്രവണത സാമൂഹ്യ പ്രതിബദ്ധത ഉള്ള ആരെയും വേദനിപ്പിക്കുന്നതാണ്. പരിഹാരമെന്നോണം നഷ്ടപ്പെടാവുന്ന ചക്ക സംസ്ക്കരിച്ച് വർഷം മുഴുവൻ ഭക്ഷ്യയോഗ്യമായി സംഭരിക്കുന്നതിന് പീപ്പിൾസ് സർവ്വീസ് സൊസൈറ്റി, പാലക്കാട് പദ്ധതിയിട്ടിരിക്കുകയാണ്. കർഷകർക്ക് അവരുടെ പുരയിടത്തിലെ ചക്ക ഒരുക്കി ചുളയായി നൽകിയാൽ PSSP സംസ്ക്കരിച്ച് തിരിച്ചു നൽകുന്നതും കർഷകർക്ക് വർഷത്തിലുടനീളം ഒരു ഭക്ഷണ വിഭവമായി ഉപയോഗിക്കാ വുന്നതുമാണ്. ചക്കയുടെയും കുരുവിന്റെയും വ്യത്യസ്തമായ മൂല്യവർദ്ധിത ഉല്പന്നങ്ങൾ കർഷകർക്കുവേണ്ടി സംസ്ക്കരിച്ച് നൽകുന്നതിനും PSSP യിൽ സംവിധാനങ്ങളുണ്ട്. നമ്മുടെ കൃഷിയിടങ്ങളിൽ വിളയുന്ന പോഷകസമ്പുഷ്ടവും രാസ-വിഷരഹിതവുമായ ചക്ക നഷ്ടപ്പെടുത്തിയിട്ട് പണം കൊടുത്ത് അന്യദേശങ്ങളിലെ ഭക്ഷ്യവിഭവങ്ങളാഹരിച്ച് രോഗഗ്രസ്തരാകണോ അതോ അല്പം ശാരീരിക വ്യയം ചെയ്ത് നല്ല ഭക്ഷണം കഴിക്കണമോ? ചിന്തിക്കുക.

താത്പര്യമുള്ളവർ ഉടൻ പീപ്പിൾസ് സർവ്വീസ് സൊസൈറ്റി, പാലക്കാടുമായി ബന്ധപ്പെടുക. Ph:0491-2527784, 9447180679

**ജൻ ശിക്ഷൻ സൻസ്ഥാൻ പാലക്കാട്**

● പീപ്പിൾസ് സർവ്വീസ് സൊസൈറ്റിയുടെ മേൽനോട്ടത്തിൽ കേന്ദ്ര മാനവവിഭവശേഷി വികസന മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ജൻ ശിക്ഷൻ സൻസ്ഥാൻ പാലക്കാട് ജില്ലയുടെ വിവിധ ഭാഗങ്ങളിൽ 2013-2014 സാമ്പത്തിക വർഷത്തിലെ PART-A&B യിൽ 108 ബാച്ചുകളിലായി 2048 പഠിതാക്കൾ പരിശീലനം വിജയകരമായി പൂർത്തയാക്കി.

● 2014-2015 സാമ്പത്തിക വർഷത്തിലെക്കുള്ള Action Plan അംഗീകരിക്കുന്നതിനായി മനിനിസ്റ്ററിയിലേക്ക് അയച്ചുകൊടുത്തു.

● Driving, Beautician, Jewellary Making, Tailor തുടങ്ങിയ സെൽഫ് ഫിനാൻസിംഗ് കോഴ്സുകളിലേക്കുള്ള അപേക്ഷകൾ സ്വീകരിച്ചു തുടങ്ങി.

**ഫാ. ജേക്കബ് മാവുങ്കൽ**

എക്സി. സെക്രട്ടറി, പി.എസ്.എസ്.പി.





## From the Bishop's Diary

**2014 മാർച്ച്**

29 - കല്ലേപ്പുള്ളി സെന്റ് മേരീസ് ഇടവക ദൈവാലയത്തിൽ വെച്ച് 5 വൈദിക വിദ്യാർത്ഥികൾക്ക് വൈദികവസ്ത്രവും 5 പേർക്ക് മ്ശംശാന പട്ടവും 8 പേർക്ക് ഹെവ്പ്പദിയാക്കനപട്ടവും 3 പേർക്ക് കാറോയപ ട്ടവും നൽകി.

30 - വാളയാർ സെന്റ് ആന്റണീസ് ദൈവാലയത്തിൽ വി. കുർബാനയർപ്പി ച്ചു.

- വഴിക്കടവ് ഇൻഫന്റ് ജീസസ് ദൈവാലയത്തിൽ വി. കുർബാനയർപ്പി ച്ചു. സന്ദേശം നൽകി.

31 - വടക്കഞ്ചേരി ദൈവദാൻ സെന്റർ സന്ദർശിച്ചു.

**2014 ഏപ്രിൽ**

1 - മുണ്ടൂർ യുവക്ഷേത്ര കോളേജ് സന്ദർശിച്ചു.

2 - സന്യാസഭവനങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ചു.

3 - രൂപതാകാര്യാലയത്തിൽ വെച്ച് നടന്ന മീറ്റിംഗിൽ മാർ പോൾ ചിറ്റില പ്പള്ളി പിതാവ് സംബന്ധിച്ചു.

4 - ഒല്ലൂരിൽ വി. എവുപ്രാസ്യാമ്മയുടെ കബറിടം സന്ദർശിച്ച് പ്രാർത്ഥി ക്കുകയും സ്തോത്രഗീതം ആലപിക്കുകയും ചെയ്തു.

- വള്ളിയോട് പോളിടെക്നിക്ക് കോളേജ് സന്ദർശിച്ചു.

5 - ധോണി മരിയൻ റിന്യൂവൽ സെന്ററിൽ ധ്യാനത്തിൽ സംബന്ധിച്ച അധ്യാപകർക്ക് സന്ദേശം നൽകി.

6 - പാസ്റ്ററൽ സെന്ററിൽ മദ്യവിരുദ്ധ സെമിനാറിൽ സംബന്ധിച്ചവർക്ക് സന്ദേശം നൽകി.

7 - കോയമ്പത്തൂർ ഗംഗ ആശുപത്രിയിൽ ആരാധന സന്യാസിനി സമൂ ഹത്തിന്റെ പ്രൊവിൻഷ്യൽ സി. വിൻസൻഷ്യയെ സന്ദർശിച്ചു.

8 - കല്ലേപ്പുള്ളി സെന്റ് മേരീസ് മൈനർ സെമിനാരിയുടെ ജനറൽബോഡി മീറ്റിംഗിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

9 - പാലാരിവട്ടം പി.ഒ.സി.യിൽ സംഘടിപ്പിച്ച കാത്തലിക് ഹോസ്പിറ്റൽ ഡയറക്ടേഴ്സ് മീറ്റിംഗിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

- കാക്കനാട് മൗണ്ട് സെന്റ് തോമസിൽ മേജർ ആർച്ചുബിഷപ്പിനെ സന്ദർശിച്ചു.

10 - വെണ്ണക്കര ഗവ. യു.പി. സ്കൂളിൽ പാർലമെന്റ് തിരഞ്ഞെടുപ്പിനോടനുബന്ധിച്ച സമ്മതിദാനാവകാശം വിനിയോഗിച്ചു.

11 - മലമ്പുഴയിലെ സ്ഥാപനങ്ങൾ സന്ദർശിച്ചു.

- മലമ്പുഴ മരിയനഗറിൽ ആരാധന സന്യാസിനി സമൂഹത്തിന്റെ പോസ്റ്റുലൻസിന് ക്ലാസ്സെടുത്തു.

12 - നെന്മാറ ക്രൈസ്റ്റ് ദ കിംഗ് ദൈവാലയവും പൊത്തുണ്ടി ഗുഡ് ഷെപ്പേർഡ് ദൈവാലയവും സന്ദർശിച്ചു.

13 - പാലക്കാട് സെന്റ് റാഫേൽസ് കത്തീഡ്രൽ ദൈവാലയത്തിൽ ഓശാനയോടനുബന്ധിച്ച തിരുക്കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

14 - പാലക്കാട് സെന്റ് റാഫേൽസ് കത്തീഡ്രൽ ദൈവാലയത്തിൽ സൈത്ത് വെഞ്ചിരിപ്പ് തിരുക്കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു. വി. കുർബാനയർപ്പിച്ചു.

15 - ചുണങ്ങുംവേലി സെന്റ് ജോസഫ്സ് പ്രൊവിൻഷ്യൽ ഹൗസിൽ സി. റിൻ്റ എം.എസ്.ജെ.യുടെ മൃതദേഹ സംസ്കാരത്തിൽ കാർമ്മികത്വം വഹിച്ചു. വി. കുർബാനയർപ്പിച്ചു.

16 - സന്യാസഭവനങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ചു.

17 - പെസഹായോടനുബന്ധിച്ച് കത്തീഡ്രൽ ദൈവാലയത്തിൽ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

18 - കത്തീഡ്രൽ ദൈവാലയത്തിൽ ദുഃഖവെള്ളിയാഴ്ചയിലെ പീഡാനുഭവ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. പരിഹാര പ്രദക്ഷിണത്തിൽ സംബന്ധിച്ചു.





19 - കത്തീഡ്രൽ ദൈവാലയത്തിൽ ദുഃഖശനിയുടെ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

20 - ഉയിർപ്പുതിരുനാളിനോടനുബന്ധിച്ച് കത്തീഡ്രൽ ദൈവാലയത്തിൽ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

21 - കോടന്തുരുത്ത് സെന്റ് ആന്റണീസ് ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ചു.

- വളമംഗലം സേക്രട്ട് ഹാർട്ട് ഇടവകയിൽ ശ്രീ. സന്തോഷ് നാലാംപുരയ്ക്കലിന്റെ മൃതദേഹ സംസ്കാരത്തിൽ കാർമ്മികത്വം വഹിച്ചു.

22 - കത്തീഡ്രൽ ഇടവകാംഗം ശ്രീമതി ആൻസി പനയ്ക്കലിന്റെ മൃതദേഹ സംസ്കാരത്തിന്റെ വീട്ടിലെ ശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു.

- സെഹിയോൻ ധ്യാനകേന്ദ്രത്തിൽ ധ്യാനം നയിക്കുന്ന ടീം അംഗങ്ങളെ സന്ദർശിച്ചു.

23 - പാലക്കുഴി സെന്റ് തോമസ് ദൈവാലയത്തിൽ കുട്ടികൾക്ക് പ്രഥമ ദിവ്യകാരുണ്യവും സൈഥര്യലേപനവും നൽകി വി. കുർബാനയർപ്പിച്ചു.

- ഒലവക്കോട് സെന്റ് ജോസഫ് ഫൊറോന ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ചു. പുതുതായി നിർമ്മിച്ച മുറികൾ വെഞ്ചരിച്ചു.

24 - രൂപതാകാര്യാലയത്തിൽ കൺസൾട്ടേഴ്സ് മീറ്റിംഗിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

- കല്ലേപ്പുള്ളി സെന്റ് മേരീസ് മൈനർ സെമിനാരിയിൽ ചേരാൻ അപേക്ഷിച്ചവരെ ഇന്റർവ്യൂ ചെയ്തു.

25 - സെറാഫിക് പ്രൊവിൻഷ്യൽ ഹൗസിൽ സി. മേരി മാത്യു, സി. ആനി സേവ്യർ എന്നിവരുടെ വ്രതവാഗ്ദാനത്തിന്റെ സുവർണ്ണജൂബിലിയോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു.

26 - റോമിലേക്ക് പുറപ്പെട്ടു.